# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് ഏ-ഇകെഎം(പി5)1953/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 18/06/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് ഏ-ഇകെഎം(പി5)1953/21 തീയ്യതി: 18/06/2022

## എറണാകുളം ജില്ലയിലെ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഷാജിമോൻ കെ.എ. | ഡെപ്യൂട്ടി ഡയറക്ടർ | 22-12-2021 | 30-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-12-2021 | 30-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

അബ്ദുൾ സലാം ടി.ഐ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
സുസ്മിത കെ.വി., ഓഡിറ്റ് ഓഫീസർ
സജീവ് എൻ.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഷഹീർ എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
ബെറ്റ്സി സി.എക്സ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.എ.ഹാരിസ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി.രാജി സന്തോഷ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.എ.വി.ഷാജി | സെക്രട്ടറി | 01-04-2020 | 27-10-2020 |
| ശ്രീമതി.രേഖ.കെ | സെക്രട്ടറി | 28-10-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുധാകുമാരി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഷഹനാസ് അഷ്റഫ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-12-2020 |
| ശ്രീ.ഫിറോസ് മോൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-01-2021 | 09-02-2021 |
| ശ്രീമതി.ജിജി.വി.മൻസിൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 10-02-2021 | 31-03-2021 |
| ശ്രീമതി.വിനില.സി.വി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.ഷേർലി ജോർജ് | മെഡിക്കൽ ഓഫീസർ, പി,എച്ച്.സി | 01-04-2020 | 31-01-2021 |
| ഡോ.നിഷ ജയചന്ദ്രൻ | മെഡിക്കൽ ഓഫീസർ, പി,എച്ച്.സി | 01-02-2021 | 31-03-2021 |
| ശ്രീമതി.ശാന്തി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ.ജാസ്മിൻ എം മുഹമ്മദ് | മെഡിക്കൽ ഓഫീസർ, ആയുർവേദ | 01-04-2020 | 31-03-2021 |
| ശ്രീമതി.സഹീറ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ഡോ.ലിബി ആന്റണി | വെറ്റിനറി സർജൻ | 01-04-2020 | 19-05-2020 |
| ഡോ.മേരി വിജയ | വെറ്റിനറി സർജൻ | 20-05-2020 | 12-07-2020 |
| ഡോ.ജെറിൻ പ്രാൻസിസ് | വെറ്റിനറി സർജൻ | 13-07-2020 | 07-08-2020 |
| ഡോ.മേരി വിജയ | വെറ്റിനറി സർജൻ | 08-08-2020 | 23-10-2020 |
| ഡോ.ബബിത മാത്യൂ | വെറ്റിനറി സർജൻ | 23-10-2020 | 11-12-2020 |
| ഡോ.മേരി വിജയ | വെറ്റിനറി സർജൻ | 12-12-2020 | 31-01-2021 |
| ഡോ.പ്രസന്ന | വെറ്റിനറി സർജൻ | 01-02-2021 | 31-03-2021 |
| ശ്രീമതി.റഷീദ | വി.ഇ.ഒ എസ്.എൻ പുരം | 01-04-2020 | 03-09-2020 |

| | | | |
|---|---|---|---|
| ശ്രീമതി.ബിന്ദു നടുവിലത്ത് | വി.ഇ.ഒ എസ്.എൻ പുരം | 04-09-2020 | 15-11-2020 |
| ശ്രീ.പ്രതീഷ് കുമാർ | വി.ഇ.ഒ എസ്.എൻ പുരം | 16-11-2020 | 31-03-2021 |
| ശ്രീമതി.ബിന്ദു നടുവിലത്ത് | വി.ഇ.ഒ ചൂർണ്ണിക്കര | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: N.M.Sajeev (Asst. Audit Officer, On 22-12-2021)<br>Last Updated By: Raj N.C (Computer Assistant, On 21-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: K.V.Susmitha (Audit Officer, On 28-12-2021)<br>Last Updated By: Raj N.C (Computer Assistant, On 21-05-2022) | 1-2 |
| 3 | ധനകാര്യപത്രിക പരിശോധിച്ചതിലെ അപാകത<br>Written By: N.M.Sajeev (Asst. Audit Officer, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 21-05-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: K.V.Susmitha (Audit Officer, On 28-12-2021)<br>Last Updated By: Raj N.C (Computer Assistant, On 18-06-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: N.M.Sajeev (Asst. Audit Officer, On 28-12-2021)<br>Last Updated By: Raj N.C (Computer Assistant, On 21-05-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: K.V.Susmitha (Audit Officer, On 28-12-2021)<br>Last Updated By: Raj N.C (Computer Assistant, On 21-05-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: K.V.Susmitha (Audit Officer, On 28-12-2021)<br>Last Updated By: Raj N.C (Computer Assistant, On 18-06-2022) | 1-6 |
| 8 | തൊഴിലുറപ്പ് പദ്ധതി - അവലോകനം<br>Written By: Betsy C.X (Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 21-05-2022) | 1-6-1 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: K.V.Susmitha (Audit Officer, On 28-12-2021)<br>Last Updated By: Raj N.C (Computer Assistant, On 23-05-2022) | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Abdul Salam T.I (Audit Officer, On 29-12-2021)<br>Last Updated By: Abdul Salam T.I (Audit Officer, On 29-12-2021) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Abdul Salam T.I (Audit Officer, On 29-12-2021)<br>Last Updated By: Raj N.C (Computer Assistant, On 23-05-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: N.M.Sajeev (Asst. Audit Officer, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 23-05-2022) | 1-10 |
| 13 | രസീത് പരിശോധന - അപാകതകൾ<br>Written By: Betsy C.X (Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 23-05-2022) | 1-11 |
| 14 | വസ്തു നികുതി - റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 23-05-2022) | 1-12 |
| 15 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ – അർഹത പുന:പരിശോധിക്കേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 23-05-2022) | 1-13 |
| 16 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 23-05-2022) | 1-14 |

| | | |
|---|---|---|
| 17 | സ്ഥാപനങ്ങളുടെ ഡാറ്റാ ബേസ് നിലവില്ലില്ല<br>Written By: Sheheer (Senior Grade Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 23-05-2022) | 1-14-1 |
| 18 | ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 23-05-2022) | 1-14-2 |
| 19 | റേഷൻ കട നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 23-05-2022) | 1-14-3 |
| 20 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 23-05-2022) | 1-14-4 |
| 21 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 23-05-2022) | 1-14-5 |
| 22 | വിവിധ പദ്ധതി പ്രകാരം നിയമിച്ചിട്ടുള്ള ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 23-05-2022) | 1-14-6 |
| 23 | തൊഴിൽ നികുതി രജിസ്റ്റർ - ഡി സി ബിയുടെ വാർഷിക സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Sheheer (Senior Grade Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 23-05-2022) | 1-14-7 |
| 24 | ഒരേ ഉടമസ്ഥന്റെ പാർപ്പിടാവശ്യത്തിനുള്ള ഒന്നിലേറെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചിരിക്കുന്നു<br>Written By: Sheheer (Senior Grade Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 23-05-2022) | 1-15 |
| 25 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - കൂടുതൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 23-05-2022) | 1-16 |
| 26 | പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 23-05-2022) | 1-16-1 |
| 27 | ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു<br>Written By: Sheheer (Senior Grade Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 23-05-2022) | 1-16-2 |
| 28 | റേഷൻ കടകൾ, കള്ള്ഷാപ്പുകൾ, ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ലൈസൻസ് നൽകേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 23-05-2022) | 1-16-3 |
| 29 | തറ വിസ്തീർണ്ണം 60 ച.മീ. കൂടുതലുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയിരിക്കുന്നു<br>Written By: Sheheer (Senior Grade Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 23-05-2022) | 1-17 |

| | | |
|---|---|---|
| 30 | പഞ്ചായത്ത് കമ്മിറ്റി തീരുമാനം, കരാർ എന്നിവ ഇല്ലാതെ കട മുറി വാടകയ്ക്ക് നൽകിയിരിക്കുന്നു<br>Written By: Sheheer (Senior Grade Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 23-05-2022) | 1-18 |
| 31 | വസ്തു നികുതി - കുടിശ്ശിക നിലനിൽക്കുന്നു<br>Written By: Sheheer (Senior Grade Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 23-05-2022) | 1-19 |
| 32 | കെ. കരുണാകരൻ കമ്മ്യൂണിറ്റി ഹാൾ - ബൈലോ തയ്യാറാക്കണം<br>Written By: Sheheer (Senior Grade Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 23-05-2022) | 1-20 |
| 33 | ദുരിതാശ്വാസ നിധി<br>Written By: Abdul Salam T.I (Audit Officer, On 29-12-2021)<br>Last Updated By: Raj N.C (Computer Assistant, On 23-05-2022) | 1-21 |
| 34 | ആസ്തി സംരക്ഷണം സംബന്ധിച്ച്<br>Written By: Abdul Salam T.I (Audit Officer, On 29-12-2021)<br>Last Updated By: Raj N.C (Computer Assistant, On 23-05-2022) | 1-22 |
| 35 | കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റിനൊപ്പമുള്ള ജി.എസ്.ടി നൽകി<br>Written By: Abdul Salam T.I (Audit Officer, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 18-06-2022) | 1-23 |
| 36 | IKM വിഹിതം നൽകൽ- വിനിയോഗവിവരം ലഭ്യമല്ല<br>Written By: Abdul Salam T.I (Audit Officer, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 23-05-2022) | 1-24 |
| 37 | ജലജീവൻ മിഷൻ പദ്ധതി- 262/21-അപാകതകൾ<br>Written By: Abdul Salam T.I (Audit Officer, On 29-12-2021)<br>Last Updated By: Raj N.C (Computer Assistant, On 24-05-2022) | 1-25 |
| 38 | മഴക്കാല പൂർവ്വ ശുചീകരണം- റീഫണ്ട് സംബന്ധിച്ച്<br>Written By: Abdul Salam T.I (Audit Officer, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 18-06-2022) | 1-26 |
| 39 | അഭിഭാഷകന് പ്രതിഫലം നൽകിയതിൽ ചട്ടങ്ങൾ പാലിച്ചിട്ടില്ല<br>Written By: Abdul Salam T.I (Audit Officer, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 24-05-2022) | 1-27 |
| 40 | ടെണ്ടർ ഫോം വില - പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്<br>Written By: K.V.Susmitha (Audit Officer, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 24-05-2022) | 1-28 |
| 41 | ടാർ ബാരൽ വില കരാറുകാരിൽ നിന്നും ഈടാക്കിയില്ല<br>Written By: K.V.Susmitha (Audit Officer, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 24-05-2022) | 1-29 |
| 42 | പാലിയേറ്റീവ് കെയർ പ്രൊജക്ട് - സ്ഥാപനങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് തുക മാറി നൽകിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 24-05-2022) | 1-30 |
| 43 | സമഗ്ര ക്യാൻസർ നിയന്ത്രണ പരിപാടി – മെഡിക്കൽ ക്യാമ്പ് നടത്താതെ ബോധവൽക്കരണ ക്ലാസുകൾ മാത്രം നടത്തിയിരിക്കുന്നു<br>Written By: Sheheer (Senior Grade Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 24-05-2022) | 1-31 |
| 44 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 24-05-2022) | 1-32 |
| 45 | സാമൂഹ്യക്ഷേമ പെൻഷൻ<br>Written By: K.V.Susmitha (Audit Officer, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 18-06-2022) | 1-33 |
| 46 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - അവലോകനം<br>Written By: N.M.Sajeev (Asst. Audit Officer, On 30-12-2021) | 1-34 |

| | | |
|---|---|---|
| | Last Updated By: Raj N.C (Computer Assistant, On 24-05-2022) | |
| 47 | അനുപൂരക പോഷകാഹാര പദ്ധതി-അപാകത<br>Written By: N.M.Sajeev (Asst. Audit Officer, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 24-05-2022) | 1-35 |
| 48 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിൽ മുതൽക്കൂട്ടാവുന്നതാണ്.<br>Written By: N.M.Sajeev (Asst. Audit Officer, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 24-05-2022) | 1-36 |
| 49 | അങ്കണവാടികൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു<br>Written By: N.M.Sajeev (Asst. Audit Officer, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 24-05-2022) | 1-37 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം<br>Written By: N.M.Sajeev (Asst. Audit Officer, On 28-12-2021)<br>Last Updated By: Raj N.C (Computer Assistant, On 24-05-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: N.M.Sajeev (Asst. Audit Officer, On 28-12-2021)<br>Last Updated By: Raj N.C (Computer Assistant, On 16-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.V.Susmitha (Audit Officer, On 29-12-2021)<br>Last Updated By: Raj N.C (Computer Assistant, On 24-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: N.M.Sajeev (Asst. Audit Officer, On 28-12-2021)<br>Last Updated By: Raj N.C (Computer Assistant, On 24-05-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: K.V.Susmitha (Audit Officer, On 29-12-2021)<br>Last Updated By: Raj N.C (Computer Assistant, On 24-05-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: N.M.Sajeev (Asst. Audit Officer, On 28-12-2021)<br>Last Updated By: Raj N.C (Computer Assistant, On 24-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: K.V.Susmitha (Audit Officer, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 24-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: K.V.Susmitha (Audit Officer, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 24-05-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: K.V.Susmitha (Audit Officer, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 24-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: K.V.Susmitha (Audit Officer, On 30-12-2021)<br>Last Updated By: Raj N.C (Computer Assistant, On 18-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: N.M.Sajeev (Asst. Audit Officer, On 22-12-2021)<br>Last Updated By: Raj N.C (Computer Assistant, On 18-06-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 26.03.2020 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1)ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 26-03-2020 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 9-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, യഥാർത്ഥ വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | 2020-2021 പുതുക്കിയ ബജറ്റ് പ്രകാരം | 2020-2021 വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| പ്രാരംഭ ബാക്കി | 1,09,70,113 | 2,44,58,549 | (+)1,34,88,436 |
| വരവ് | 25,20,34,789 | 9,65,77,773 | (-)15,54,57,016 |
| ആകെ | 26,30,04,902 | 12,10,36,322 | (-)14,19,68,580 |
| ചെലവ് | 24,84,63,140 | 10,27,28,599 | (-)14,57,34,541 |
| നീക്കിയിരുപ്പ് | 1,45,41,762 | 1,83,07,723 | (+)37,65,961 |

ബജറ്റ് പ്രകാരമുള്ള വരവും, വാർഷിക ധനകാര്യപത്രികയിലെ വരവും തമ്മിൽ 15.54 കോടി രൂപയുടെയും, ബജറ്റ് പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രികയിലെ ചെലവും തമ്മിൽ 14.57 കോടി രൂപയുടെയും വ്യത്യാസമുണ്ട്. ഇതുപ്രകാരം ബജറ്റിൽ വിഭാവനം ചെയ്ത വരവിനേക്കാൾ 61.68% -ൽ കുറവാണ് വാർഷികധനകാര്യപത്രികയിൽ യഥാർത്ഥത്തിൽ വരവായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത്. ആനുപാതികമായി ബജറ്റിൽ വിഭാവനം ചെയ്ത ചെലവിന്റെയും 41.34% ൽ താഴെ മാത്രമാണ് യഥാർത്ഥത്തിൽ തൻവർഷം ചെലവായിട്ടുള്ളത്. ഉദാഹരണത്തിനായി വിവിധ നികുതി- നികുതിയേതര വരവുകളിൽ ബജറ്റും, യഥാർത്ഥ വരവും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| | 2020-21 പുതുക്കിയ ബജറ്റ് പ്രകാരം | 2020-21 വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| തൊഴിൽനികുതി | 75,00,000 | 56,86,342 | 18,13,658 |
| വസ്തു നികുതി | 1,85,00,000 | 1,37,40,383 | 47,59,617 |
| ഡി&ഒ ലൈസൻസ് | 8,50,000 | 5,54,200 | 2,95,800 |
| വാടക | 2,25,000 | 13,300 | 2,11,700 |

ബജറ്റും, യഥാർത്ഥ വരവും ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം വന്നിട്ടുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ പ്രതീക്ഷിത വരവ് യുക്തിസഹവും, യഥാർത്ഥ്യവുമാകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/2021 | 04.06.2021 |

## 1-2-1 ധനകാര്യപത്രിക പരിശോധിച്ചതിലെ അപാകത

1. ഭൂമിയുൾപ്പെടെയുള്ള ആസ്തികളുടെ മൂല്യം തിട്ടപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2. സഞ്ചയ പ്രകാരമുള്ള കുടിശ്ശിക കെട്ടിട നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സാംഖ്യ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.
3. സപ്ലയേഴ്സ് ഇ.എം.ഡി(340100102) ഇനത്തിൽ 30211/-രൂപ തൻവർഷം ബാലൻസ് ഉണ്ട്, ഇതിൽ 2013-14സാമ്പത്തിക വർഷം മുതൽ ഡെപ്പോസിറ്റ് ആയി ലഭിച്ച തുകകൾ അക്കൗണ്ട് ഹെഡിൽ നിലവിലുണ്ട്. കൂടാതെ ബിഡ്ഡേഴ്സ് ഇ.എം.ഡി ഇനത്തിൽ 2016-17 സാമ്പത്തിക വർഷം മുതൽ അക്കൗണ്ട് ഹെഡിൽ ബാലൻസ് ഉണ്ട്. വിവിധ പ്രവൃത്തികളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന ഡെപ്പോസിറ്റുകൾ 3 വർഷം കഴിഞ്ഞവ തനത് ഫണ്ടിൽ മുതൽക്കൂട്ടാവുന്നതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,44,58,549 |
| വരവ് | 9,65,77,773 |
| ആകെ | 12,10,36,322 |
| ചെലവ് | 10,27,28,599 |

| | |
|---|---|
| നീക്കിയിരിപ്പ് | 1,83,07,723 |
| വരവ് നഷ്ടം | 0 |
| ചെലവ് നഷ്ടം | 590 |
| തടസ്സം | 28,51,194 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 1,88,93,000 | 1,88,93,000 | 1,74,70,070 | | 14,22,930 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 64,16,000 | 64,16,000 | 45,07,961 | | 19,08,039 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 4,69,000 | 4,69,000 | 202314 | | 2,66,686 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 1,12,70,000 | 1,12,70,000 | 1,12,70,000 | - | - |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3894211 | 3894211 | 3259440 | | 634771 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1,03,16,778 | 1,03,16,778 | 7604277 | | 2712501 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 5230000 | 5230000 | 2851523 | | 23,78,477 |
| ICDS | 726214 | 1006388 | 1732602 | 1400000 | 332602 | |
| ബഡ്സ് സ്കൂൾ ഫണ്ട് | 48014 | 988038 | 1036052 | 6000 | 1030052 | |
| ടോട്ടൽ സാനിറ്റേഷൻ ഫണ്ട് | 1499116 | 364510 | 1863626 | 180000 | 1683626 | |
| സംസ്ഥാനാവിഷ്കൃതഫണ്ട്-320 300 199 വിമുക്തി | 1084506 | 1332130 | 2416636 | 1284130 | 1132506 | |
| ശുചിത്വ മിഷൻ ഫണ്ട് | 10881 | 0 | 10881 | 0 | 10881 | |
| സാക്ഷരത | 30991 | 779 | 31770 | - | 31770 | |

ജി.ഒ പദ്ധതികൾക്കായി വികസന ഫണ്ട് (ജനറൽ) വിഭാഗത്തിൽ നിന്നും സോഴ്സ് ഡിഡക്ഷനായി 2514385/- രൂപയും, എസ്.സി.പി വിഭാഗത്തിൽ നിന്നും 117176/- രൂപയും ചെലവുണ്ട്. ടി തുകയുൾപ്പെടെയുള്ള ചെലവാണ് ഇൻകം &എക്സ്പെൻഡിച്ചർ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 219 | 63098229 | 175 | 47165585 | 38 | 6 | 80% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 221566 | 575198 | 796764 | 796685 | 79 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 9492918 | 9492918 | 9492918 | 0 |
| ആകെ | 221566 | 10068116 | 10289682 | 10289603 | 79 |

ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുകയിൽ 100 ദിവസം ഉൾപ്പെടെ ഇൻസെന്റീവ് ആയി 25,000/- രൂപ ഉൾപ്പെട്ടിട്ടുണ്ട്.

### 1-6-1 തൊഴിലുറപ്പ് പദ്ധതി - അവലോകനം

2020-21 വർഷത്തെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് പരിശോധിച്ചതിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു :-

| | |
|---|---|
| തൊഴിൽ കാർഡുള്ള കുടുംബങ്ങളുടെ എണ്ണം | 1377 |
| രജിസ്റ്റർ ചെയ്ത വ്യക്തികളുടെ എണ്ണം | 1775 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 355 |
| തൊഴിൽ ആവശ്യപ്പെട്ട വ്യക്തികളുടെ എണ്ണം | 342 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങൾ | 13651 |
| ഒരു കുടുംബത്തിനു ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ | 42 |

| | |
|---|---|
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 28 |
| 2020-21 വർഷത്തെ ആകെ ചെലവ് തുക | 9492918 |

ഇനം തിരിച്ചുള്ള ചെലവു വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| അവിദഗ്ധ വേതനം | 4053875 |
| വിദഗ്ധ വേതനം | 1076000 |
| മെറ്റീരിയൽ തുക | 4363043 |
| ഭരണ ചെലവ് | 574434 |

ഓഡിറ്റ് വർഷത്തിൽ ആക്ഷൻ പ്ലാൻ പ്രകാരം ലേബർ ബജറ്റിലുൾപ്പെടുത്തി 1075 വർക്കുകൾ രൂപീകരിച്ചെങ്കിലും നടപ്പിലാക്കിയത് 186 പ്രവൃത്തികളാണ്. നടപ്പാക്കിയ പ്രവൃത്തികളുടെ ഇനം താഴെപ്പറയുന്നു.

| നടപ്പാക്കിയ പ്രവൃത്തികൾ | എണ്ണം |
|---|---|
| തോട് ആഴം കൂട്ടി പുനരുദ്ധാരണം | 4 |
| തരിശ്ഭൂമി കൃഷിക്ക് അനുയോജ്യമാക്കൽ | 16 |
| കോഴിക്കൂട് നിർമ്മാണം | 11 |
| തൊഴുത്ത് നിർമ്മാണം | 3 |
| ആട്ടിൻ കൂട് നിർമ്മാണം | 4 |
| കംപോസ്റ്റ് പിറ്റ് നിർമ്മാണം | 12 |
| സോക്ക്പിറ്റ് നിർമ്മാണം | 90 |
| ഫാം പോണ്ട് | 3 |
| അസോള ടാങ്ക് നിർമ്മാണം | 1 |
| കിണർ നിർമ്മാണം | 12 |
| റോഡ് കട്ട വിരിക്കൽ | 10 |
| കാന നിർമ്മാണം | 1 |
| കിണർ റീചാർജിംഗ് | 2 |
| നഴ്സറി നിർമ്മാണം | 1 |
| മിനി എം.സി.എഫ്. | 1 |
| പച്ചത്തുരുത്ത് നിർമ്മാണം | 1 |
| തീറ്റപ്പുൽ കൃഷി | 1 |
| ലൈഫ് ഭവനനിർമ്മാണം | 13 |
| നടപ്പാക്കിയ ആകെ പ്രവൃത്തികൾ | 186 |

തൊഴിലുറപ്പ് പദ്ധതിയുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു :-

1. പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പും, പ്രവൃത്തി നടന്നുകൊണ്ടിരിക്കുമ്പോളും, പ്രവൃത്തിയുടെ പൂർത്തീകരണത്തിനു ശേഷവുമുള്ള ഫോട്ടോകൾ NREGA വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യതിന്റെ പ്രിന്റ് ഔട്ട് ഭൂരിഭാഗം ഫയലുകളിലും ഉള്ളടക്കം ചെയ്തിട്ടില്ല.

2. കിണർ റീചാർജ്ജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറുമ്പോൾ തുടർ പരിപാലനം ഗുണഭോക്താക്കൾ തന്നെ നടത്തേണ്ടതാണെന്നുള്ള സമ്മതപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല.

മുകളിൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കാൻ വേണ്ട നടപടി കൈക്കൊള്ളേണ്ടതാണ്.

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 4730600 | 289 |
| വിധവാ പെൻഷൻ | 19655000 | 1237 |
| വാർദ്ധക്യകാല പെൻഷൻ | 28474200 | 1874 |
| വികലാംഗ പെൻഷൻ | 4729200 | 297 |
| 50വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 549600 | 36 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 240000 | 8 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.12.2021-ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3328/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ആഭ്യന്തര നിയന്ത്രണസംവിധാനവും പദ്ധതി നിർവ്വഹണവും പൊതുവേ തൃപ്തികരമാണ്. രേഖകളും രജിസ്റ്ററുകളുമെല്ലാം പൊതുവെ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് 01.12.2019 ലെ സ.ഉ.(കൈ) 156/2019/ ത.സ്വ.ഭവ. നമ്പർ ഉത്തരവ് പ്രകാരമുള്ള നടപടികൾ ചൂർണിക്കര ഗ്രാമപഞ്ചായത്ത് കൈകൊണ്ടിട്ടുണ്ട്.
2. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ് .

3. സ്യൂട്ട് രജിസ്റ്ററിൽ കേസുകളുടെ ബന്ധപ്പെട്ട് എല്ലാ വിവരങ്ങളും രേഖപ്പെടുത്തേണ്ടതാണ്.

4. ഇ-ടെണ്ടർ സമ്പ്രദായത്തിലൂടെ മരാമത്ത് പ്രവർത്തികൾക്ക് കരാർ നൽകുമ്പോൾ ലഭിക്കേണ്ട, ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെട്ട തുക തിരികെ ലഭിക്കുവാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.

5. ഡെത്ത് രജിസ്റ്റ്രേഷൻ - ആധാർ നമ്പർ മുഖേന സേവന സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തി, അനർഹരുടെ അക്കൗണ്ടുകളിലേക്ക് പെൻഷൻ ക്രെഡിറ്റ് ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

5.തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒരു ബാങ്ക് അക്കൗണ്ട് മാത്രം നിലനിർത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18/01/2021 | ഒക്ടോബർ 2020- ഡിസംബർ 2020 | 17.02.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09/01/18-20/01/2018 | 2012-13-2016-17 | 26/03/2018 |

## 1-11 രസീത് പരിശോധന - അപാകതകൾ

### 1. സാംഖ്യ രസീത്

1. സാംഖ്യ സ്റ്റേഷനറി ഫോംസ് ഉപയോഗശൂന്യമായത് ക്യാൻസൽ ചെയ്യാതെയും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്താതേയും സൂക്ഷിക്കുന്നു.

ഉദാ- സാംഖ്യ സ്റ്റേഷനറി ഫോം നം. 9139200,9139201, 9142596 മുതലായവ....

### 2. മാനവൽ രസീത്

1. രസീത് മുഖേനയുള്ള പിരിവിന്റെ, പിരിവ് രജിസ്റ്ററുകളൊന്നും തന്നെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്റ്റോക്കിലെടുത്തിരിക്കുന്ന ബുക്ക് നം. 62394 ഉപയോഗിച്ച് സ്റ്റോക്കിൽപ്പോലും ഇല്ലാത്ത 62304 ബുക്ക് നമ്പറിൽ പിരിവെടുത്തതായി കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. രസീത് ബുക്ക് നമ്പർ രേഖപ്പെടുത്തിയപ്പോൾ തെറ്റുപറ്റിയതാണെന്നാണ് സെക്ഷൻ നേരിട്ടറിയിച്ചത്.

2. രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല.

ഉദാ- രസീത് ബുക്ക് നം. 62387, 16915, 62386 ....മുതലായവ...

3. സാമ്പത്തിക വർഷാവസാനത്തിന് ശേഷം ബാക്കി വരുന്ന രസീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

4. ക്യാൻസൽ ചെയ്ത രസീത് നമ്പറുകൾ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ഉദാ- രസീത് ബുക്ക് നം. 16912 (ക്രമ നം,2,23), 16915(ക്രമ നം. 14) ....മുതലായവ...

5. രസീതുകളിൽ കളക്ഷൻ തീയതി രേഖപ്പെടുത്തിയിട്ടില്ല.

ഉദാ- രസീത് ബുക്ക് നം. 62390(ക്രമ നം19 മുതൽ 28 വരെ)

6. ക്യാൻസൽ ചെയ്ത രസീതുകൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി, സൂക്ഷിക്കേണ്ടതാണ്.

7. രസീത് ബുക്കുകൾ ക്രമ നമ്പറനുസരിച്ച് തന്നെ ഇഷ്യൂ ചെയ്യേണ്ടതാണ്.

3. ലൈബ്രറി രസീത് പുസ്തകം - സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല .

2020-21 സാമ്പത്തിക വർഷം, കേരള ട്രഷറി കോഡ് വാല്യം ഒന്ന് ആർട്ടിക്കിൾ 90(ബി)യിലെ കുറിപ്പ് 3 പ്രകാരമുള്ള മെഷീൻ നമ്പറോടുകൂടിയ, ലഭ്യമായതും വിതരണം ചെയ്തതുമായ രസീത് പുസ്തകങ്ങളുടെ എണ്ണം സൂചിപ്പിക്കുന്ന (ഓരോന്നിലേയും ഫാറങ്ങളുടെ എണ്ണം സഹിതം) സ്റ്റോക്ക് അക്കൗണ്ട് സൂക്ഷിക്കുന്നില്ല. കുറെ വർഷങ്ങൾക്ക് മുൻപ് ഇഷ്യൂ ചെയ്ത, ബുക്ക് നമ്പർ ഇല്ലാത്ത , ഡബിൾ ഫേസ്ഡ് കാർബൺ പകർപ്പ് എടുക്കാൻ പറ്റാത്ത, രസീത് ബുക്കാണ് ഇപ്പോഴും ഉപയോഗിക്കുന്നത്. കൂടാതെ കുറെയധികം പഴക്കമുള്ള കളക്ഷൻ രജിസ്റ്ററാണ് ഉപയോഗിക്കുന്നത്.

മുകളിൽ പറഞ്ഞിരിക്കുന്ന അപാകതകളെല്ലാം പരിഹരിക്കാൻ വേണ്ട നടപടിയെടുത്ത് അറിയിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി - റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല

08.09.2020ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ. നമ്പർ 575/2020 വിജ്ഞാപനം പ്രകാരം റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ സർക്കാർ നിശ്ചയിച്ചിട്ടുണ്ട് (കുറഞ്ഞ നിരക്ക് 10 രൂപ കൂടിയ നിരക്ക് 25 രൂപ). എന്നാൽ പഞ്ചായത്തിൽ നാളിതുവരെ റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 02/23.12.2021) സർക്കാർ നിർദ്ദേശിച്ച കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ബാധകമാക്കാവുന്ന നികുതി നിരക്ക് പ്രമേയം മൂലം നിശ്ചയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ – അർഹത പുന:പരിശോധിക്കേണ്ടതാണ്

സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിൽ തന്നെ നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ റാന്റം പരിശോധനയിൽ താഴെ പറയുന്ന കെട്ടിടങ്ങളെ കാരണം രേഖപ്പെടുത്താതെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു. ഇതുമൂലം കെട്ടിടങ്ങളുടെ ഉപയോഗക്രമം, വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുവാനുള്ള കാരണം എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥൻ/സ്ഥാപനത്തിന്റെ പേര് | ആകെ വിസ്തീർണ്ണം (ച.മീ.) | റിമാർക്സ് |
|---|---|---|---|---|
| 1 | 1/5 | ഡോ. സി കെ പരീത്പിള്ള | 185 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. |
| 2 | 1/284 | ഷിയാസ് പി ബി | 29 | ,, |
| 3 | 1/306B | ജോസഫ് മാത്യൂ | 52.4 | ,, |
| 4 | 1/336C | സുനീഷ് | 55.18 | ,, |
| 5 | 1/439 | മരിയറ്റ മദർ ജനറൽ മിഷനറി | 278 | Tax Exemption Type എന്ന കോളത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ. താഴെയുള്ള വാസഗൃഹം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| 6 | 2/53A | ബിജു പി റ്റി | 39 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. |
| 7 | 2/228A | ഇസ്മായിൽ റ്റി എ | 55.9 | ,, |
| 8 | 2/241, 2/244, 2/254 | ഫാദർ ഇഗ്നേഷ്യസ് വർഗ്ഗീസ് | 38, 35.28, 37.63 | ,, |
| 9 | 3/22B | മേരി | 32.57 | ,, |
| 10 | 3/167A | ജോൺസൺ | 59.74 | ,, |
| 11 | 3/227A1 | ബിനീഷ്, വൽസ | 39.45 | ,, |

| | | | | |
|---|---|---|---|---|
| 12 | 4/11A | വേലൻ തങ്കവേലു | 45.19 | ,, |
| 13 | 4/21A1 | വിജയൻ സി കെ | 38.48 | ,, |
| 14 | 4/153A | ഫൗസിയ, സുലേഖ | 57.45 | ,, |
| 15 | 4/297 | എസ് എൻ ഡി പി | 32 | ,, |
| 16 | 4/487A | വി പി ബിജു | 22.28 | ,, |
| 17 | 5/148A | ഫാത്തിമബീവി | 40 | ,, |
| 18 | 5/369 | ബിന്ദു | 53.05 | ,, |
| 19 | 6/215A | മുജീബ് & ലൈല | 47.7 | ,, |
| 20 | 6/226A | നൗഷാദ് | 53.72 | ,, |
| 21 | 7/134A | ഇബ്രാഹിം | 57.52 | ,, |
| 22 | 7/165A | ശാന്ത ദാസൻ | 38.94 | ,, |
| 23 | 7/166B | രാജീവ്കുമാരൻ | 37.66 | ,, |
| 24 | 7/456 | മഹിളാ സമാജം | 42 | ,, |
| 25 | 7/256A | പുഷ്പി | 33.566 | ,, |
| 26 | 7/366A | രവി, സുമ | 37.6 | ,, |
| 27 | 8/271B | ശോഭന | 38.36 | ,, |
| 28 | 8/467A | സുഗതൻ & ഓമന | 39 | ,, |
| 29 | 9/14F | അൻവർ | 27.66 | ,, |
| 30 | 9/89A | മജീദ് വി എ | 55.81 | ,, |
| 31 | 9/400A | മുഹമ്മദ് ഷഫീക്ക് പി എസ് | 39 | ,, |
| 32 | 10/16A | എസ് എൻ ഡി പി മന്ദിരം | 30 | ,, |
| 33 | 10/32a1 | ജാസ്മിൻ | 36.85 | ,, |
| 34 | 10/38B | റോയി | 51.85 | ,, |
| 35 | 10/207A | സുധീർ പി എ | 52.37 | ,, |
| 36 | 10/303a | ലിജി | 56 | ,, |
| 37 | 10/565A | രാമലക്ഷ്മി | 33.17 | ,, |
| 38 | 11/6A | കൃഷ്ണകുമാർസി ആർ | 37.3 | ,, |
| 39 | 11/33A | പാപ്പമൈക്കിൾ | 44.08 | ,, |
| 40 | 11/201s1 | ഹമീദ് | 37.3മ നം.<br><br>കെട്ടിട നം.<br><br>ഉടമസ്ഥൻ/സ്ഥാപനത്തിന്റെ പേര്<br><br>ആകെ വിസ്തീർണ്ണം (ച.മീ.)<br><br>റിമാർക്സ് | ,, |
| 41 | 11/492B | ശിവദാസൻ | 19 | ,, |
| 42 | 11/501 | ജബ്ബാർ പി കെ | 40 | ,, |
| 43 | 12/105A | ജിജു | 6.25 | ,, |
| 44 | 12/110A | പി കെ ഷംസുദ്ധീൻ | 20 | ,, |
| 45 | 13/94 | പ്രസിഡണ്ട് & സെക്രട്ടറി, എസ് എൻ ഡി പി | 28 | Tax Exemption Type എന്ന കോളത്തിൽ സെക്ഷൻ 207 (1(ഡി)) പ്രകാരം ഒഴിവാക്കിയതായി രേഖപ്പെടുത്തിയിരിക്കുന്നു. |
| 46 | 13/121A | വേണുഗോപാലൻ നായർ | 59.26 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. |
| 47 | 13/270C | കോശി ഉമ്മൻ | 42.27 | ,, |
| 48 | 13/299A | പ്രസിഡണ്ട് & സെക്രട്ടറി, സഹൃദയ സംഗീത കാരുണ്യ | 75.32 | ,, |

| | | | | |
|---|---|---|---|---|
| | | വേദി | | |
| 49 | 14/104A | രാമചന്ദ്രൻ | 37.2 | ,, |
| 50 | 14/606A | ജോഷിമോൻ റ്റി കെ | 57.22 | ,, |
| 51 | 15/139A | സക്കീർ | 37.46 | ,, |
| 52 | 15/156A | രാജമ്മ | 50.43 | ,, |
| 53 | 16/9B | ശശി റ്റി കെ | 50.75 | ,, |
| 54 | 16/214C | രാജേഷ് | 59.5 | ,, |
| 55 | 16/288A | ഡൊമിനിക് | 59.97 | ,, |
| 56 | 18/221 | മാനേജിംഗ് ഡയറക്ടർ, എഫ് ഐ റ്റി | 27.12 | ,, |
| 57 | 18/518 മുതൽ 18/528, 18/530, 18/532 മുതൽ 18/540 വരെ | സുപ്പീരിയർ ജനറൽ, മൗണ്ട് കാർമ്മൽ ജനറലേറ്റ് | 876 | ,, |
| 58 | 18/628A | വിശ്വനാഥൻ പി ഡി | 58.35 | ,, |
| 59 | 10/117 | പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ, കെ പി എം എസ് & മഹിളഫെഡറേഷൻ | 25 | കെട്ടിടത്തിന്റെ ഉപയോഗക്രമം പാർപ്പിടമെന്നും Exemption Type കോളത്തിൽ സ.ഉ(എം.എസ്)358/15 എന്നും രേഖപ്പെടുത്തിയിരിക്കുന്നു. |

മേൽ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുവാനുള്ള കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 08/27.12.2021) കെട്ടിടങ്ങളെ കാരണം രേഖപ്പെടുത്താതെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയത് പരിശോധിച്ച് ഇതു സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമാക്കി ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനായി ബന്ധപ്പെട്ട വാർഡ് ക്ലർക്കുമാരെ ചുമതലപ്പെടുത്തിയതായി അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. പഞ്ചായത്തിലെ 18 വാർഡുകളും പരിശോധിച്ച് മതിയായ കാരണങ്ങളില്ലാതെ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയ നടപടി പുന:പരിശോധിച്ച് അർഹതയ്ക്ക് വിധേയമായി കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 276(3)-ാം വകുപ്പ് പ്രകാരം ഫയൽ ചെയ്ത ഒരു അപ്പീൽ, അതു ലഭിച്ചശേഷം 60 ദിവസത്തിനകം പഞ്ചായത്തോ അല്ലെങ്കിൽ സ്റ്റാന്റിംഗ് കമ്മിറ്റിയോ അതിനു യുക്തമെന്നു തോന്നുന്ന രീതിയിൽ തീർപ്പു കൽപ്പിക്കേണ്ടതാണ് എന്ന് വിശദമാക്കിയിട്ടുണ്ട്. ആയതുകൊണ്ട് സമയബന്ധിതമായി ഇവയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ഇവ നിരീക്ഷണ വിധേയമാക്കുന്നതിനും ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. അത്തരത്തിലുള്ള വസ്തുനികുതി അപ്പീൽ രജിസ്റ്റർ, നികുതി എഴുതിതള്ളൽ സംബന്ധിച്ച രജിസ്റ്റർ, വേക്കൻസി റെമിഷൻ രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പാഞ്ചായത്തിന്റെ 2020-21 ലെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

### 1-14-1 സ്ഥാപനങ്ങളുടെ ഡാറ്റാ ബേസ് നിലവില്ലില്ല

തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഡാറ്റാ ബേസ് നിലവില്ലില്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലെ ആദ്യത്തെ പേജിൽ തൊഴിൽ നികുതി ഈടാക്കിയ സ്ഥാപനങ്ങളുടെ വിവരം ക്രമ നമ്പർ പ്രകാരം ചേർക്കുകയാണ് ചെയ്യുന്നത്. തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഇലക്ട്രോണിക് ഡാറ്റാബേസ് തയ്യാറാക്കേണ്ടതാണ്. ഇതിനായി തൊഴിൽ വകുപ്പ്, ചരക്ക് സേവന നികുതി വകുപ്പ്, വ്യവസായ വകുപ്പ്, ക്ഷേമനിധി ബോർഡുകൾ മുതലായ വകുപ്പുകളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കാവുന്നതാണ്.

## 1-14-2 ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ലൈസൻസ് രജിസ്റ്റർ പ്രകാരം2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും 603 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതായി കാണുന്നു. ലൈസൻസ് അനുവദിച്ച പല സ്ഥാപനങ്ങളിലും കൂടുതൽ ജീവനക്കാർ ഉള്ളതായി ലൈസൻസ് അപേക്ഷയിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | ലൈസൻസ് അപേക്ഷ പ്രകാരമുള്ള ജീവനക്കാരുടെ എണ്ണം | ലൈസൻസ് നം. |
|---|---|---|---|---|
| 1 | സിഎസ്എഫ്എം പിഡ്ലിറ്റ് ഇൻഡസ് ലിമിറ്റഡ് | വി കെ ജിനചന്ദ്രൻ | 4 | 02/20-21 |
| 2 | സെന്റ് ജോസഫ്സ് ഇൻഡസ്ട്രീസ് | ജോഷി ജോസഫ് | 4 | 18/20-21 |
| 3 | ത്രിത്വം കെയർ സർവ്വീസ് | സൗമ്യ സാറാ ജോസ് | 5 | 86/20-21 |
| 4 | ഹാലിസെൻ ഡിസ്റ്റിബ്യൂട്ടേർസ് | നബീൽ റസാക്ക് | 5 | 88/20-21 |
| 5 | ഹോട്ടൽ ന്യൂ ആര്യാസ് | എൻ കുമാർ | 5 | 105/20-21 |
| 6 | ഫെറസ്സ് ഫാബ്രിക്ക | ഫ്രാൻസിസ് കെ റ്റി | 5 | 122/20-21 |
| 7 | ബെസ്റ്റ് ട്രൈഡിംഗ് കമ്പനി | പി കെ ജലീൽ | 5 | 127/20-21 |
| 8 | സിറ്റി ഫ്യൂവൽസ് | മാനേജർ | 6 | 129/20-21 |
| 9 | എ കെ പ്ലാസ്റ്റിക്ക്സ് | കെ എ മുഹമ്മദ് അസ്‌ലം | 5 | 147/20-21 |
| 10 | അമന പ്ലാസ്റ്റിക്ക് | എം എ ഷാജഹാൻ | 7 | 173/20-21 |
| 11 | എം ഓ എ ട്യൂബ്സ് | എം എ ഷാജഹാൻ | 7 | 182/20-21 |
| 12 | ഐഡിയൽ മോട്ടോർസ് | ബഷീർ കെ റ്റി | 5 | 197/20-21 |
| 13 | അബ്ഡിഅസ് ഹെൽത്ത് കെയർ എൽഎൽപി | പ്രകാശ് വർഗ്ഗീസ് & ഷഹീൻ മുഹമ്മദ് | 5 | 208/20-21 |
| 14 | കൊച്ചിൻ ലൈവ് അന്നപൂർണ്ണ | മുഹമ്മദ് ഷരീഫ് | 10 | 251/20-21 |
| 15 | ഹൈടെക് ഓട്ടോമോട്ടീവ്സ് | മുഹമ്മദ് സാദിഖ് ടി എസ് | 10 | 254/20-21 |
| 16 | പ്രൊജക്ട് ഇൻ എഞ്ചിനിയേഴ്സ് & കോൺട്രാക്ടേഴ്സ് | യൂനസ് എ എ | 4 | 263/20-21 |
| 17 | എൻവിറോൺ മെഷീൻസ് & സിസ്റ്റംസ് | എം എസ് സുനിൽ ആനന്ദ് | 5 | 273/20-21 |
| 18 | സൂഫി മന്തി | ജസീർ വി | 12 | 283/20-21 |
| 19 | ഇഫ്താർ ഹോട്ടൽ | മിസ്ഹാബ് | 20 | 297/20-21 |
| 20 | സെന്റ് ലൂക്ക് മെഡ് ഡിവൈസ് പ്രൈ. ലിമിറ്റഡ് | ജെ മോൻസിംഗ് | 7 | 299/20-21 |
| 21 | ഡോ. പോൾ ഡെന്റൽ ക്ലിനിക് | ഡോ. പോൾ റ്റി ജോർജ് | 5 | 300/20-21 |

കൂടുതൽ ജീവനക്കാരുള്ള ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14-3 റേഷൻ കട നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

2020-21 സാമ്പത്തിക വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള കരാറുകാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | 2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേര് |
|---|---|
| 1 | അജ്മൽ എൻ എ |

| | |
|---|---|
| 2 | അനീർ സി എം |
| 3 | കെ എം അലി |
| 4 | അനസ് എൻ എ |
| 5 | അബ്ദുൾ ശുക്കൂർ |
| 6 | സി പി നാസർ |
| 7 | നിഷാദ് പി എ |
| 8 | അബ്ദുൾ റഷീദ് |

### 1-14-4 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | തായിക്കാട്ടുക്കര ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 2 | അക്ഷയ ഇ കേന്ദ്രം, ചൂർണ്ണിക്കര | I &II |
| 3 | പാന്തേർസ് ലോജിസ്റ്റിക് സോലൂഷൻ ഇന്ത്യ പ്രൈ. ലിമിറ്റഡ് (തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നം. 6) | II |
| 4 | ലെൻവിക കമ്പ്യൂട്ടർ സോലൂഷൻസ് പ്രൈ. ലിമിറ്റഡ് (തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നം. 14) | II |
| 5 | പ്രൈം ഓട്ടോമോട്ടീവ്സ് ലിമിറ്റഡ് (തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നം. 24) | II |
| 6 | ഗ്ലോബ്ടെക് എൻ്റർപ്രൈസസ് (തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നം. 45) | II |
| 7 | ഗോദ്റേജ് & ബോയസ് എംഎഫ്ജി കോ. ലിമിറ്റഡ് (തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നം. 64) | II |

### 1-14-5 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | തായിക്കാട്ടുകര ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 2 | അക്ഷയ ഇ കേന്ദ്രം, ചൂർണ്ണിക്കര | I &II |
| 3 | എസ് ബി ഐ, തായിക്കാട്ടുകര | I &II |
| 4 | ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ്, തായിക്കാട്ടുകര | I &II |
| 5 | ഫെഡറൽ ബാങ്ക്, തായിക്കാട്ടുകര | I &II |
| 6 | ഷെയർ മൈക്രോ ഫിൻ ലിമിറ്റഡ് | I &II |
| 7 | തായിക്കാട്ടുക്കര സർവ്വീസ് സഹകരണ ബാങ്ക് | I &II |
| 8 | ലുലു ഇൻ്റർനാഷണൽ ഷോപ്പിംഗ് മാൾ പ്രൈ. ലിമിറ്റഡ് (ഇ കോമേഴ്സ്) | I &II |

### 1-14-6 വിവിധ പദ്ധതി പ്രകാരം നിയമിച്ചിട്ടുള്ള ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന പദ്ധതി പ്രകാരം നിയമിച്ചിട്ടുള്ള ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | പ്രൊജക്ട് നം., പേര് | നിയമിച്ചിട്ടുള്ള ജീവനക്കാരുടെ വിവരം |
|---|---|---|
| 1 | പ്രൊജക്ട് നം. 150, പിഎച്ച്സി ഫാർമസിസ്റ്റിന് വേതനം നൽകൽ | ഫാർമസിസ്റ്റ് |
| 2 | പ്രൊജക്ട് നം. 84, പാലിയേറ്റീവ് കെയർ പ്രൊജക്ട് | ദിവസ വേതനത്തിന് നിയമിച്ചിട്ടുള്ള ഡ്രൈവർ |

### 1-14-7 തൊഴിൽ നികുതി രജിസ്റ്റർ - ഡി സി ബിയുടെ വാർഷിക സംക്ഷിപ്തം എഴുതി

സാക്ഷ്യപ്പെടുത്തുന്നില്ല

2020-21 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധനയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ ഡി.സി.ബി.യുടെ വാർഷിക സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. 2020-21 ലെ ഒന്നാം അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയ പല സ്ഥാപനങ്ങളും രണ്ടാം അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കു വരുത്തിയിട്ടില്ല. വിശദവിവരം ഖണ്ഡിക 1-14-4ൽ ചേർത്തിട്ടുണ്ട്. തൊഴിൽ നികുതി രജിസ്റ്ററിൽ ഡി.സി.ബി.യുടെ വാർഷിക സംക്ഷിപ്തം എഴുതാത്തതുമൂലം നിലനിൽക്കുന്ന കടിശ്ശികയുടെ വിവരം 2020-21 ലെ വാർഷിക ധനകാര്യ പത്രികയിലും വന്നിട്ടില്ല. ഇത്തരം അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട മേൽ അപാകങ്ങൾക്ക് മറുപടി നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.11/27.12.2021 ന് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ഒരേ ഉടമസ്ഥന്റെ പാർപ്പിടാവശ്യത്തിനുള്ള ഒന്നിലേറെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചിരിക്കുന്നു

സഞ്ചയയിലെ 1 മുതൽ 10 വരെ വാർഡുകളുടെ അസ്സസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഒരേ ഉടമസ്ഥന്റെ പാർപ്പിടാവശ്യത്തിനുള്ള ഒന്നിലേറെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചതായി കാണുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥൻ/സ്ഥാപനത്തിന്റെ പേര് | ആകെ വിസ്തീർണ്ണം (ച.മീ.) | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 1/9 | ജിനിമോൾ, പാറയിൽ ഹൗസ് | 25.42 | കെട്ടിട നം. 1/9 ലെ Tax Exemption Type എന്ന കോളത്തിൽ സ.ഉ(എം.എസ്) നം.358/15 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| | 1/10 | | 66.15 | കെട്ടിട നം. 1/10 ലെ Tax Exemption Type എന്ന കോളത്തിൽ വിമുക്തഭടൻ/ഭാര്യമാരുടെ ഉടമസ്ഥതയിലുള്ള വാസഗൃഹം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| 2 | 2/426 | സി സി മോഹനൻ, ചെരിപറമ്പിൽ | 24.76 | Tax Exemption Type എന്ന കോളത്തിൽ സ.ഉ(എം.എസ്) നം.358/15 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| | 2/427 | | 56.69 | |
| 3 | 3/159A | ഷിഹാബ്, പുറക്കളം | 42 | „ |
| | 3/159 | | 32 | |
| 4 | 3/124 | ഷാജി, ഭഗവതിപറമ്പിൽ | 51 | „ |
| | 3/124/A | | 46.46 | |
| 5 | 3/292 | അബ്ദുൾ ജബ്ബാർ & ജാസ്മിൻ ജബ്ബാർ, കൊടോപ്പിള്ളി ഹൗസ് | 30 | „ |
| | 3/293 | | 30 | |
| 6 | 4/30 | മോഹനൻ, കൊച്ചുപറമ്പിൽ ഹൗസ് | 26.5 | „ |
| | 4/31 | | 54.13 | |
| 7 | 4/121 | ശശിന്ദ്രൻ, പുത്തേത്തു ഹൗസ് | 60.75 | „ |
| | 4/122 | | 41.34 | |
| 8 | 4/159A | സുസിൻ വർഗ്ഗീസ്, മടത്തിപറമ്പിൽ ഹൗസ് | 59.57 | „ |
| | 4/160 | | 43.89 | |
| 9 | 5/216 | ഖാലിദ്, സുഹറ, തോപ്പിൽ വീട് | 61 | „ |
| | 5/217 | | 61 | |
| 10 | 6/378 | ചോതി കുഞ്ഞയ്യപ്പൻ, പുത്തോടത്ത് ഹൗസ് | 20 | „ |
| | 6/379 | | 20 | |
| 11 | 6/386 | ബീന അലി, തച്ചവള്ളത്ത് ഹൗസ് | 60.4 | „ |
| | 6/387 | | 60.4 | |
| 12 | 6/314 | അഹമ്മദ് മരക്കാർ, കാഞ്ഞിരത്തിങ്കൽ | 20 | „ |
| | 6/314A | | 25 | |
| | 6/322 | | 42 | |
| 13 | 6/451 | അബ്ദുൾ റഹ്മാൻ പരീത്, താമരശ്ശേരി ഹൗസ് | 20 | „ |
| | 6/453 | | 10 | |
| 14 | 6/457 | സൈനബ അബ്ദുൾ ഖാദർ | 36 | „ |

| | | | | |
|---|---|---|---|---|
| | 6/458 | | 36 | |
| 15 | 8/523 | തങ്കമണി സരസൻ, പുളിക്കൽപറമ്പ് | 38 | ,, |
| | 8/524 | | 30 | |
| 16 | 10/213 | റഷീദ, പുളിമൂട്ടിൽ | 30 | ,, |
| | 10/213B | | 57.78 | |
| 17 | 7/168B | കാളിക്കുട്ടി, മനക്കഞ്ഞാലി | 42.21 | കെട്ടിടത്തിന്റെ ഉപയോഗക്രമം നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ എന്നും Exemption Type കോളത്തിൽ സ.ഉ(എം.എസ്)358/15 എന്നും രേഖപ്പെടുത്തിയിരിക്കുന്നു. |
| | 7/168A1 | | 44.57 | |
| 18 | 8/488A | ഇ എ രാജേഷ്, ഇളങ്ങാപ്പുറം | 29 | ,, |
| | 8/488B | | 39.01 | |
| 19 | 10/458 | എൻ എ സുൽഫത്ത്, നെല്ലിക്കൽ | 30 | ,, |
| | 10/459a | | 41.69 | |

16.12.2015 ലെ സ.ഉ(എം.എസ്) നം.358/15/തസ്വഭവ പ്രകാരം 60 ച.മി.വരെ തറ വിസ്തീർണ്ണമുള്ള വാസഗൃഹ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ ആനുകൂല്യം ഒരു കുടുംബനാഥൻ/നാഥയുടെ പേരിലുള്ള സ്വന്തം താമസത്തിനായി ഉപയോഗിക്കുന്ന ഒരു വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. മേൽ പട്ടിക പ്രകാരം ഒരേ ഉടമസ്ഥന്റെ പാർപ്പിടാവശ്യത്തിനുള്ള ഒന്നിലേറെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 09/27.12.2021) ഒരേ ഉടമസ്ഥന്റെ പാർപ്പിടാവശ്യത്തിനുള്ള ഒന്നിലേറെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചത് പരിശോധിച്ച് ഇതു സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമാക്കി ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനായി ബന്ധപ്പെട്ട വാർഡ് ക്ലർക്കുമാരെ ചുമതലപ്പെടുത്തിയതായി അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

സഞ്ചയയിലെ 1 മുതൽ 18 വരെയുള്ള മുഴുവൻ വാർഡുകളുടെയും അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ച് ഒരേ ഉടമസ്ഥന്റെ പാർപ്പിടാവശ്യത്തിനുള്ള ഒന്നിലേറെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചത് പുന:പരിശോധിച്ച് അർഹമായ കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - കൂടുതൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2020-21 വർഷത്തിൽ ലൈസൻസ് അനുവദിച്ചതിന്റെ ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

### 1-16-1 പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടില്ല

പഞ്ചായത്തിലെ സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം18 വാർഡുകളിലായി വാണിജ്യാവശ്യത്തിനുള്ള 2226 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | ഇനം | | എണ്ണം |
|---|---|---|---|
| I | 1 | വാണിജ്യാവശ്യം<br>100 ച. മീറ്റർ വരെ ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 1586 |
| | 2 | 100 ച. മീറ്റർ മുകളിൽ ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 356 |
| | 3 | 200 ച. മീറ്റർ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 2 |
| | 4 | 200 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 16 |
| II | 1 | ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ,ഫ്യൂവൽ സ്റ്റേഷൻ | 15 |
| | 2 | ആഫീസ് ആവശ്യത്തിനുള്ളവ | 118 |
| III | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, സിനിമ തിയേറ്റർ, കല്ല്യാണ മണ്ഡപം, ലോഡ്ജ് | | 27 |
| IV | 1 | വ്യവസായം<br>ചെറുകിട വ്യവസായ സംരംഭങ്ങൾ, കൈത്തറി ഷെഡ്, തടിമില്ല് | 15 |

| | | | |
|---|---|---|---|
| | 2 | ഇതര വ്യവസായം | 79 |
| | 3 | സ്വകാര്യ ഹോസ്റ്റൽ , ഹോംസ്റ്റേ | 2 |
| | 4 | വിദ്യാഭ്യാസ സ്ഥാപനത്തിൻറെ കോമ്പൗണ്ടിൽ വരുന്നതും അതിൻറെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാൻറീൻ, വർക്ക്ഷോപ്പ് | 2 |
| | 5 | മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ് മെൻറ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 8 |

എന്നാൽ 2020-21 ലെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾ 400 എണ്ണം മാത്രമാണ്. ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-16-2 ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു

സ.ഉ.(സാധാ)നം.2511/2017/തസ്വഭവ തീയതി 22.07.2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനും അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണും സർക്കാർ നിർദ്ദേശിച്ചിരുന്നു. ലൈസൻസ് അനുവദിക്കുമ്പോൾ മേൽ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-16-3 റേഷൻ കടകൾ, കള്ള്ഷാപ്പുകൾ, ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ലൈസൻസ് നൽകേണ്ടതാണ്

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 139 പ്രകാരം അബ്കാരി ഷാപ്പുകൾ ഉൽപന്നങ്ങളുടെ സംഭരണം, വിൽപനയ്ക്കും ക്രമ നം. 149, 132 എന്നിവ പ്രകാരം റേഷൻ കടകൾക്കും ക്ഷീര സഹകരണ സംഘങ്ങൾക്കും ലൈസൻസ് ആവശ്യമാണ്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള കള്ള് ഷാപ്പുകൾക്കും റേഷൻ കടകൾക്കും ക്ഷീര സഹകരണ സംഘങ്ങൾക്കും പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. മേൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുവാനുള്ള മേൽ നടപടി സ്വീകരിക്കേണ്ടതാണ്.

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസുമായി ബന്ധപ്പെട്ട മേൽ അപാകങ്ങൾക്ക് മറുപടി നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 03/23.12.2021 ന് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 തറ വിസ്തീർണ്ണം 60 ച.മീ. കൂടുതലുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയിരിക്കുന്നു

16.12.2015 ലെ സ.ഉ(എം.എസ്) നം.358/15/തസ്വഭവ പ്രകാരം 60 ച.മി.വരെ തറ വിസ്തീർണ്ണമുള്ള വാസഗൃഹ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ ആനുകൂല്യം ഒരു കുടുംബനാഥൻ/നാഥയുടെ പേരിലുള്ള സ്വന്തം താമസത്തിനായി ഉപയോഗിക്കുന്ന ഒരു വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. സഞ്ചയ അസസ്മെന്റ് പരിശോധിച്ചതിൽ 60 ച.മീറ്ററിൽ കൂടുതലുള്ള താഴെ പറയുന്ന കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചതായി കാണുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥൻ/സ്ഥാപനത്തിന്റെ പേര് | ആകെ വിസ്തീർണ്ണം (ച.മീ.) | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 1/5 | ഡോ. സി കെ പരീതുപിള്ള | 185 | കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| 2 | 1/234 | വേലുഭാർഗ്ഗവി | 60.1 | „ |
| 3 | 4/9A | ബാവകുട്ടി, ഷംല അസീസ് | 60.8 | „ |
| 4 | 7/166A | ജിജോ സേവ്യർ | 60.46 | „ |
| 5 | 2/374 | ആന്റണി | 130.11 | „ |
| 6 | 8/241 | ലില്ലി | 61.2 | „ |
| 7 | 8/508A | ഷാഹിറ നൗഷാദ് | 60.74 | „ |
| 8 | 9/71 | വി എ സിയാദ് | 60.5 | „ |
| 9 | 10/288D | മുത്തുകോയ | 60.4 | കെട്ടിടത്തിന്റെ ഉപയോഗക്രമം നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ എന്നും Exemption Type കോളത്തിൽ സ.ഉ(എം.എസ്)358/15 എന്നും രേഖപ്പെടുത്തിയിരിക്കുന്നു. |
| 10 | 10/353A | സിദ്ദിക് | 61.12 | കെട്ടിടത്തിന്റെ ഉപയോഗക്രമം നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| 11 | 11/200C2 | അജയൻ | 61.01 | „ |
| 12 | 12/183 | ഉസ്മാൻ കെ ബി | 110 | „ |
| 13 | 12/396A | റംല | 60.65 | „ |
| 14 | 15/331 | ലില്ലിക്കുട്ടി ചെറിയാൻ | 70 | „ |
| 15 | 15/446 | കുര്യൻ തോമസ് | 102 | „ |
| 16 | 16/182 | കെ ജി ബിന്ദു | 70 | „ |
| 17 | 16/370 | ലളിത സി പിള്ള | 87.55 | „ |
| 18 | 16/447 | പി സി ചാക്കോ | 147 | കെട്ടിടത്തിന്റെ ഉപയോഗക്രമം നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ എന്നും Exemption Type കോളത്തിൽ സെക്ഷൻ 207 (1(ഡി)) പ്രകാരം ഒഴിവാക്കി എന്നും രേഖപ്പെടുത്തിയിരിക്കുന്നു. |
| 19 | 17/979 | വിൻസെന്റ് ഷാജി | 197.16 | „ |
| 20 | 18/177 | കദീജ | 93 | കെട്ടിടത്തിന്റെ ഉപയോഗക്രമം നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| 21 | 3/478A | മിനി ബെന്നി | 60.13 | കെട്ടിടത്തിന്റെ ഉപയോഗക്രമം നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ എന്നും Exemption Type കോളത്തിൽ സ.ഉ(എം.എസ്)358/15 എന്നും രേഖപ്പെടുത്തിയിരിക്കുന്നു. |
| 22 | 4/121 | ശശിന്ദ്രൻ | 60.75 | കെട്ടിടത്തിന്റെ ഉപയോഗക്രമം പാർപ്പിടാവശ്യമെന്നും Exemption Type കോളത്തിൽ സ.ഉ(എം.എസ്)358/15 എന്നും രേഖപ്പെടുത്തിയിരിക്കുന്നു. |
| 23 | 5/216<br>5/217 | ഖാലിദ്, സുഹറ | 61<br>61 | „ |
| 24 | 6/386<br>6/387 | ബീന അലി | 60.4<br>60.4 | „ |

തറ വിസ്തീർണ്ണം 60 ച.മീറ്ററിൽ കൂടുതലുള്ള മേൽ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/27.12.2021) തറ വിസ്തീർണ്ണം 60 ച.മീറ്ററിൽ കൂടുതലുള്ള മേൽ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയത് പരിശോധിച്ച് ഇതു സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമാക്കി ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനായി ബന്ധപ്പെട്ട വാർഡ് ക്ലർക്കുമാരെ ചുമതലപ്പെടുത്തിയതായി അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

സഞ്ചയയിലെ 1 മുതൽ 18 വരെയുള്ള മുഴുവൻ വാർഡുകളുടെയും അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ച് തറ വിസ്തീർണ്ണം 60 ച.മീറ്ററിൽ കൂടുതലുള്ള മേൽ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചത്

പുന:പരിശോധിച്ച് അർഹമായ കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 പഞ്ചായത്ത് കമ്മിറ്റി തീരുമാനം, കരാർ എന്നിവ ഇല്ലാതെ കട മുറി വാടകയ്ക്ക് നൽകിയിരിക്കുന്നു

2020-21 വർഷത്തെ കെട്ടിട വാടക രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഒരു കടമുറി ശ്രീ സി.എ. ജലീൽ, ചെന്നോത്ത് എന്നവർക്ക് മാസ വാടകയായി 1246/- രൂപ നിശ്ചയിച്ച് വാടകയ്ക്ക് നൽകിയതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ടുള്ള താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് നൽകിയിട്ടില്ല.

1. വാടക കെട്ടിടങ്ങളുടെ നടത്തിപ്പിനായുള്ള ബൈലോ.

2. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 7(2)(1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം III ന്റെ മാതൃകയിൽ വാടകക്കാരനുമായി നിശ്ചിത വിലയുള്ള സ്റ്റാമ്പ് പേപ്പറിൽ ചമച്ചിട്ടുള്ള കരാർ.

3. ധനകാര്യ കമ്മറ്റി, ഭരണ സമിതി എന്നിവയിലെ തീരുമാനങ്ങളുടെ വിവരങ്ങൾ.
മേൽ രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/27.12.2021) താഴെ പറയും പ്രകാരമുള്ള മറുപടി നൽകിയിട്ടുണ്ട്.
1. വാടക കെട്ടിടങ്ങളുടെ നടത്തിപ്പിനായുള്ള ബൈലോ ലഭ്യമല്ല.
2. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 7(2)(1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം III ന്റെ മാതൃകയിൽ വാടകക്കാരനുമായി നിശ്ചിത വിലയുള്ള സ്റ്റാമ്പ് പേപ്പറിൽ ചമച്ചിട്ടുള്ള കരാർ പരിശോധനയിൽ കണ്ടെത്താനായിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. വാടക കെട്ടിടങ്ങളുടെ നടത്തിപ്പിനായുള്ള ബൈലോ നാളിതുവരെ തയ്യാറാക്കി അംഗീകാരം വാങ്ങിയതായി കാണുന്നില്ല. അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക നിശ്ചയിക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 256-ാം വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ ചട്ടം 3 (5, 6, 7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി സർക്കാരിന്റെയോ സർക്കാരിനാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 7(2)(1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം III ന്റെ മാതൃകയിൽ വാടകക്കാരനുമായി നിശ്ചിത വിലയുള്ള സ്റ്റാമ്പ് പേപ്പറിൽ കരാർ ചമച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, പഞ്ചായത്ത് ഭരണ സമിതി എന്നിവയിലെ തീരുമാനങ്ങൾക്ക് വിധേയമായി മാത്രം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 വസ്തു നികുതി - കുടിശ്ശിക നിലനിൽക്കുന്നു

പഞ്ചായത്തിന്റെ 2020-21 വാർഷിക ധനകാര്യ പത്രികയിലെ (ബാലൻഷീറ്റ് B-15) വിവരങ്ങൾ പ്രകാരം വസ്തു നികുതി ഇനത്തിൽ ആകെ 1586762/- രൂപ (തൻവർഷ കുടിശ്ശിക 1397199/- രൂപ, മുൻവർഷങ്ങളിലെ കുടിശ്ശിക 189563/- രൂപ) പഞ്ചായത്ത് പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി കാണുന്നു. നിലവിലെ വസ്തു നികുതി കുടിശ്ശിക വിവരം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 01/23.12.2021) താഴെ പറയും പ്രകാരമുള്ള വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നതായി അറിയിച്ചിട്ടുണ്ട്.

| ബാക്കി നിലനിൽക്കുന്ന കുടിശ്ശിക | |
|---|---|
| തൻവർഷം | മുൻവർഷം |
| 8465790/- രൂപ | 1219008/- രൂപ |

വസ്തു നികുതി കുടിശ്ശിക ഈടാക്കുവാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 കെ. കരുണാകരൻ കമ്മ്യൂണിറ്റി ഹാൾ - ബൈലോ തയ്യാറാക്കണം

പഞ്ചായത്തിന്റെ 2020-21 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റോറിയം/ഹാൾസ് വാടക ഇനത്തിൽ 13300/- രൂപ (RP-3) വരവുള്ളതായി കാണുന്നു. കമ്മ്യൂണിറ്റി ഹാൾ നടത്തിപ്പിനായുള്ള ബൈലോ, രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/29.12.2021) മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. കമ്മ്യൂണിറ്റി ഹാൾ നടത്തിപ്പിനായുള്ള ബൈലോ നാളിതുവരെ തയ്യാറാക്കി അംഗീകാരം വാങ്ങിയതായി കാണുന്നില്ല. അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക നിശ്ചയിക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 256-ാം വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ ചട്ടം 3 (5, 6, 7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. കമ്മ്യൂണിറ്റി ഹാൾ വാടക രജിസ്റ്റർ, അപേക്ഷകൾ എന്നിവ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 ദുരിതാശ്വാസ നിധി

2003ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ, എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് ദുരിതാശ്വാസ നിധി(Relief Fund) രൂപീകരിച്ചിട്ടുണ്ട്.
എന്നാൽ ചൂർണിക്കര ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധിയിൽ നിന്നും 2020-21 വർഷം തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല. മാത്രമല്ല കേവലം 25,457/- രൂപ മാത്രമാണ് അക്കൌണ്ടിൽ (TSCB A/c No.4108) 31.03.2021ൽ നീക്കിയിരിപ്പുള്ളത്. ദുരിതാശ്വാസനിധിയിലേക്ക് ആവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിനും തുക കാര്യക്ഷമമായി വിനിയോഗിക്കുന്നതിനും വേണ്ട നടപടിയെടുക്കേണ്ടതാണ്.

## 1-22 ആസ്തി സംരക്ഷണം സംബന്ധിച്ച്

തദ്ദേശ സ്വയം ഭരണ വകുപ്പ് 20.01.2017 ലെ ജി.ഒ.(ആർ.ടി.)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി (Annual Status Assessment Of Asset Condition) അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്റ്റാറ്റജിയും(AMS), അസറ്റ് മാനേജ്മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. മേൽപ്പറഞ്ഞിട്ടുള്ള കാര്യങ്ങൾ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ടോ എന്നത് അറിയിക്കേണ്ടതാണ് എന്നവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/23.12.21) സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് AMS, AMP എന്നിവ തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമാക്കി. ആയതിനുള്ള നടപടികൾ കൈകൊള്ളേണ്ടതാണ്.

2.പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്ന ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ, ആസ്തികളുടെ നിർമ്മാണ ചെലവ്, അവസാന മെയിന്റനൻസ് വിവരങ്ങൾ, കൂട്ടിച്ചേർക്കലുകൾ നടത്തിയതിന്റെ തീയതിയും ചെലവും തുടങ്ങി പ്രധാനപ്പെട്ട പല കോളങ്ങളിലും രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ലാത്തതായി കാണുന്നു. കൂടാതെ, ആസ്തി രജിസ്റ്റർ പുതിയതായി നിർമ്മിച്ച റോഡുകൾ ഉൾപ്പെടെയുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കേണ്ടതാണ്.

## 1-23 കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റിനൊപ്പമുള്ള ജി.എസ്.ടി നൽകി

ഗവണ്മെന്റ് ഓഫ് ഇൻഡ്യ , മിനിസ്ട്രി ഓഫ് ഫൈനാൻസിന്റെ 28.06.17 ലെ നോട്ടിഫിക്കേഷൻ നമ്പർ 12/2017 (Central Tax Rate) Sl.no.5 Chapter 99 പ്രകാരം ( Services By A Government(central Government, State Government , Union Territory , Local Self Government) Or Goverment Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The Constitution- Tax Rate -Nil) പഞ്ചായത്തിന്റെ ചുമതലകൾ നിറവേറ്റുന്നതിനുള്ള സേവനങ്ങൾക്ക് ജി.എസ്.ടി നൽകേണ്ടതില്ല. എന്നാൽ താഴെപ്പറയുന്ന ഡെപ്പോസിറ്റ് വർക്കുകൾക്ക് കേരള വാട്ടർ അതോറിട്ടിയ്ക്ക് ജി.എസ്. ടി യുൾപ്പെടെയുള്ള തുക നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. തുക തിരികെ ലഭിക്കാൻ കേരള വാട്ടർ അതോറിറ്റിയെ സമീപിക്കേണ്ടതാണ്. ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ധനവിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

1.

| | |
|---|---|
| പ്രോജക്ട് നം, പേര് | 115/21 കുടിവെള്ള പൈപ്പ് ലൈൻ വിപുലീകരണം. |
| അടങ്കൽ | ധനകാര്യകമ്മീഷൻ- 5,00,000 |
| തൻവർഷം ഡെപ്പോസിറ്റ് | 4,75,900/-(ബിൽ നം.4/11.4.20) |
| എസ്റ്റിമേറ്റിൽ ഉൾപ്പെട്ട ജി.എസ്.ടി | 60,684/- രൂപ |

കേരള വാട്ടർ അതോറിട്ടിയുമായി കരാർ ഒപ്പ് വച്ചതായി കാണുന്നില്ല. പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ധനവിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ലാത്തതിനാൽ ഡെപ്പോസിറ്റ് ചെയ്ത തുകയായ 4,75,900/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2.

| | |
|---|---|
| പ്രോജക്ട് നം, പേര് | 275/21 1. കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ<br>2. റീലേയിങ് 90mm പി വി സി പൈപ്പ് |
| അടങ്കൽ | 11,91,523/- & 4,60,000/- |

| | |
|---|---|
| | വികസന ഫണ്ട്(ധനകാര്യകമ്മീഷൻ) |
| തൻവർഷം ഡെപ്പോസിറ്റ് | 11,91,523/-(ബിൽ നം.279/24.2.21)<br>4,60,000/-(ബിൽ നം.284/25.2.21) |
| എസ്റ്റിമേറ്റിൽ ഉൾപ്പെട്ട ജി.എസ്.ടി | 45,174.30 രൂപ |

4,60,000/- രൂപയുടെ വർക്കിന്റെ ധനവിനിയോഗസാക്ഷ്യപത്രം കിട്ടിയിട്ടില്ല. 11,91,523/- രൂപയിൽ KWA യുടെ വിനിയോഗസാക്ഷ്യപത്രം പ്രകാരം ചെലവായ 2,34,090/- കിഴിച്ച് ബാക്കി തുക (9,57,433/-രൂപ) ഏത് രീതിയിൽ വിനിയോഗിച്ചുവെന്ന് വ്യക്തമാക്കേണ്ടതും വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതുമാണ്. ചെലവു തുകയിൽ 2,34,090/- രൂപ കിഴിച്ച് ബാക്കി തുക തടസ്സപ്പെടുത്തുന്നു.

3.

| | |
|---|---|
| പ്രോജക്ട് നം, പേര് | പൈപ്പ് ലൈൻ റോഡ് അറ്റകുറ്റപ്പണി നടത്തി സഞ്ചാരയോഗ്യമാക്കുന്നതിന് എസ്റ്റിമേറ്റ് തുകയുടെ 10% തുക സെന്റേജ് ചാർജായി KWA യിൽ അടവാക്കുന്നതിന് (ജില്ലാപഞ്ചായത്ത് പ്രോജക്ട്) |
| പഞ്ചായത്ത് കമ്മിറ്റി തീരുമാനം | 13/5/20 ലെ 1(1) നം.തീരുമാനം |
| ഡെപ്പോസിറ്റ് തുക | 2,60,000/- (എസ്റ്റിമേറ്റ് തുകയുടെ 10%)<br>തനത് ഫണ്ട് വൌച്ചർ നം. 22000206 തീയതി 29.5.20 |

എ) ജിഎസ് ടി 12% 2,78,330.61 ഉൾപ്പെട്ട എസ്റ്റിമേറ്റ് തുകയായ 26,00,000/- രൂപയിന്മേലാണ് സെന്റേജ് കണക്കാക്കിയിരിക്കുന്നത്. ഇതിന്റെ ആധികാരികത വിശദീകരിക്കേണ്ടതാണ്.
ബി) പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.
സി) ജില്ലാപഞ്ചായത്ത് നടപ്പാക്കുന്ന പദ്ധതിയുടെ സെന്റേജ് ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കേണ്ടതുണ്ടോയെന്ന് വ്യക്തമാക്കേണ്ടതാണ്.
ഡി) വാട്ടർ അതോറിട്ടിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ്.

മേൽപ്പറഞ്ഞ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/29.12.2021) മറുപടിയൊന്നും തന്നെ ലഭിച്ചിട്ടില്ല. ആയതിനാൽ ചെലവു തുകയായ 2,60,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 IKM വിഹിതം നൽകൽ- വിനിയോഗവിവരം ലഭ്യമല്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം. | 2/21 |
| അടങ്കൽ തുക / ഫണ്ട് | 2,06,000/- വികസന ഫണ്ട് , |
| ചെലവ് തുക/ ബിൽ നം തിയതി | 2,06,000/- (ബിൽ നം 68/തിയതി 26.5.2020 |

2015-16 മുതൽ 2020-21 വരെയുള്ള വർഷങ്ങളിലെ കുടിശ്ശികയുൾപ്പെടെ നൽകിയ തുകയാണ് ഐ.കെ.എം.ന് നൽകിയിട്ടുള്ളത് . ഇതിൽ 2020-21 ലെ ഡിമാന്റായ 70,268/-രൂപയുൾപ്പെടെ 2,06,000/- രൂപയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/28.12.2021) മറുപടിയായി വിനിയോഗ സാക്ഷ്യപത്രം ഉൾക്കൊള്ളിച്ചിട്ടില്ലാത്തതിനാൽ ചെലവു തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 ജലജീവൻ മിഷൻ പദ്ധതി- 262/21-അപാകതകൾ

അടങ്കൽ - 43,60,000(തനത് ഫണ്ട് -10,00,000+ഗ്ര.വിഹിതം 33,60,000)

ചെലവ് - 10,00,000/-(തനത് ഫണ്ട്) (Transferred To Kwa A/C No.67119741187 On 26/3/21)

ടി പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെപ്പറയുന്നു. ടി കാര്യങ്ങളിൽ വിശദീകരണം നൽകേണ്ടതാണ്.

1. പദ്ധതിയുടെ ആകെ അടങ്കൽ തുകയായ 3,33,60,400/- യിൽ (ഡീറ്റെയിൽഡ് എസ്റ്റിമേറ്റ്) 12% GST Provision ആയി 35,74,326.83 രൂപ ഉൾപ്പെടുത്തിയത് ഗവണ്മെന്റ് ഓഫ് ഇൻഡ്യ, മിനിസ്ട്രി ഓഫ് ഫൈനാൻസിന്റെ 28.06.17ലെ നോട്ടിഫിക്കേഷൻ നമ്പർ 12/2017 (Central Tax Rate) Sl.no.5 Chapter 99 പ്രകാരം ഒഴിവാക്കേണ്ടതായിരുന്നുവെങ്കിലും ഒഴിവാക്കിയിട്ടില്ല.

2. പദ്ധതി പ്രകാരം നൽകിയ കണക്ഷനുകളുടെ വിവരവും വിനിയോഗവിവരവും ലഭ്യമാക്കിട്ടില്ല.

3. അംഗീകാരം ലഭിച്ച പദ്ധതിയിൽ ഗുണഭോക്തൃ വിഹിതമായി 33,60,000/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് ലഭിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം.15/28.12.21).

## 1-26 മഴക്കാല പൂർവ്വ ശുചീകരണം- റീഫണ്ട് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിലേക്കായി തനത് ഫണ്ട് വിഹിതം 5000/-, ശുചിത്വമിഷൻ വിഹിതം 10,000/- ഉൾപ്പെടെ വാർഡൊന്നിന് 15000/- രൂപ

നിരക്കിൽ നൽകുവാൻ തനതുഫണ്ടിൽ നിന്നും 2,70,000/-രൂപ വൗച്ചർ നം 22000157 തീയതി 14.5.20, വൗച്ചർ നം22000191തീയതി 21.5.20 എന്നിവ പ്രകാരം പിൻവലിച്ച് വാർഡുതല സമിതികൾക്ക് തുക കൈമാറിയിട്ടുണ്ട്.

ആകെ നൽകിയ 2,70,000/-രൂപയുടെ വിനിയോഗ വിവരവും ചെലവുരേഖകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ ശുചിത്വമിഷനിൽ നിന്നും തൻവർഷം തിരികെ ലഭിക്കാനുള്ള 1,80,000/- രൂപ ലഭ്യമാക്കുവാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/27.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുകയായ 2,70,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-27 അഭിഭാഷകന് പ്രതിഫലം നൽകിയതിൽ ചട്ടങ്ങൾ പാലിച്ചിട്ടില്ല

തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പിന്റെ 18-02-2016 ലെ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിലവിലുള്ള കേസുകൾക്ക് കേസൊന്നിന് 15,000/- രൂപ വരെ വക്കീൽ ഫീസ് അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നടപ്പാക്കുന്നതിന് കേരള പഞ്ചായത്ത് രാജ് (കേസുകളുടെ നടത്തിപ്പും നിയമോപദേഷ്ടാക്കൾക്ക് ഫീസ് നൽകലും) ചട്ടങ്ങളിൽ ഭേദഗതി ആവശ്യമുണ്ടെങ്കിലും ആയതിനുള്ള കാലതാമസം കണക്കിലെടുത്താണ് മേൽപ്പറഞ്ഞ ഉത്തരവിലൂടെ വക്കീൽ ഫീസ് പരിധി ഉയർത്തി നിശ്ചയിച്ചത്.

ചൂർണിക്കര ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന വൌച്ചറുകൾ പ്രകാരം ഹൈക്കോടതി അഡ്വക്കേറ്റ് പി.ടി.ജോസിന് പഞ്ചായത്തിന് വേണ്ടി ഹാജരായതിന് ഫീസ് നൽകിയിട്ടുണ്ട്.

| വൌച്ചർ നം. | തീയതി | തുക | റിമാർക്സ് |
|---|---|---|---|
| 22000960 | 28/11/20 | 27000 | WP(C) 24751/20, Wp(c) 23616/20, Wp(c)9620/20എന്നീ കേസുകൾക്ക് |
| 22001178 | 8/1/21 | 13500 | WA No.1474/2020 |

മേൽപ്പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 5(1)ലെ (Ii),(iv) എന്നിവയിൽ, ഒന്നിലധികം കേസുകളിൽ ഒരേ ദിവസം തന്നെ ഹാജരാകുന്ന അഭിഭാഷകന് കൊടുക്കാവുന്ന മൊത്തം ഫീസ് 500/-രൂപയായി നിജപ്പെടുത്തുകയും അപ്പീൽ കേസുകളിൽ ലോവർ കോടതിയിൽ വാദിച്ച അഭിഭാഷകൻ തന്നെ ഹാജരാവുകയാണെങ്കിൽ പ്രത്യേക ഫീസ് നൽകേണ്ടതില്ലാത്തതുമാണ്. സമയപരിമിതി മൂലം സർക്കാർ ഉത്തരവിലൂടെ പരമാവധി നൽകാവുന്ന ഫീസ് മാത്രം നിശ്ചയിക്കുകയും ചട്ടം ഭേദഗതി ചെയ്യാനിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇതിന് വിരുദ്ധമായി മേൽപ്പറഞ്ഞ വൌച്ചറുകൾ പ്രകാരം അഭിഭാഷകന് ഫീസ് നൽകിയത് വിശദീകരിക്കേണ്ടതാണ് എന്ന് ചൂണ്ടിക്കാണിച്ച് ഓഡിറ്റ് എൻക്വയറി(നം.13) നൽകിയിരുന്നു. ഇതിന് പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ലഭിച്ച മറുപടിയിൽ കേസ്സുകൾക്ക് ഒരേദിവസം ഹാജരായത് ശ്രദ്ധയിൽ പെട്ടിരുന്നില്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 ടെണ്ടർ ഫോം വില - പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ ഇ- ടെൻഡർ/റീ ടെൻഡർ ചെയ്ത പ്രവൃത്തികൾക്ക് വേണ്ടി കരാറുകാർ ഓൺലൈനായി അടച്ച ടെൻഡർ ഫോറം വില പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയറുടെ കറന്റ് അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെട്ടിരിക്കുന്നത്(SBI - 67338958532). 30.9.21 ന് അക്കൗണ്ടിൽ 1,30,190/-രൂപ ബാലൻസ് ഉണ്ട്. ഗ്രാമപഞ്ചായത്തിന് അവകാശപ്പെട്ട പ്രസ്തുത തുക പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് വരവ് വയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 ടാർ ബാരൽ വില കരാറുകാരിൽ നിന്നും ഈടാക്കിയില്ല

2020-21 വർഷം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള റോഡ് ടാർ/റീടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമിൻ -VG30, RS1 & SS1- നുള്ള നിരക്കാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതനുസരിച്ചുള്ള നിരക്ക് കരാറുകാർക്ക് അനുവദിച്ചിട്ടുമുണ്ട്. എന്നാൽ ഫൈനൽ ബിൽ പ്രകാരം കരാറുകാർക്ക് തുക നൽകിയപ്പോൾ കാലി വീപ്പയുടെ വിലയായ 238/- രൂപ + 18 % ജി.എസ്.ടി കുറവു ചെയ്തതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നം., പേര് | ആകെ പ്രവൃത്തി മൂല്യം | ഉപയോഗിച്ച ആകെ ബാരലു കളുടെ എണ്ണം (അളവ് പുസ്തകം പ്രകാരം) | തുക | അളവുപുസ്തകം | കരാറു കാരന്റെ പേര് |
|---|---|---|---|---|---|---|
| 1 | തോട്ടത്തിൽ കടവ് പൂർത്തീകരണം -257/21 | 136846 | 7 | 7 X 281 = 1967 405302/4.3.21 | 383/18-19 | അനീർ.സി.എം |
| 2 | മുട്ടം ഇടമുള റോഡ് റീടാറിംഗ് & മെയിന്റനൻസ് -69/21 | 993105 | 14 | 14 X 281 = 3934 45/24.12.20 | 92/20-21 | അനീർ.സി.എം |
| ആകെ | | | | 5901 | | |

ഓഡിറ്റ് എൻക്വയറി-14/28.12.21 ന് മറുപടി ലഭിച്ചില്ല. ബാരലിന്റെ വില കരാറുകാരനിൽ നിന്നോ ബന്ധപ്പെട്ട

നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 പാലിയേറ്റീവ് കെയർ പ്രൊജക്ട് - സ്ഥാപനങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് തുക മാറി നൽകിയിട്ടില്ല

പ്രൊജക്ട് നം. 84, പാലിയേറ്റീവ് കെയർ പ്രൊജക്ട്

അടങ്കൽ - 770000/- രൂപ

ഫണ്ട് – വികസന ഫണ്ട് (പൊതു വിഭാഗം)

ചെലവ് - 768986/- രൂപ

മേൽ പദ്ധതി പ്രകാരം എല്ലാ മാസവും പാലിയേറ്റീവ് കെയർ ടീമിനുള്ള ഭക്ഷണം വിതരണം ചെയ്യുന്നത് ചൂർണ്ണിക്കര സമൃദ്ധി കാറ്ററിംഗ് യൂണിറ്റും വാഹനത്തിനാവശ്യമായ (വണ്ടി നം. KL-41-G-5415) ഇന്ധനം നിറക്കുന്നത് അമ്പാട്ടുകാവ് സിറ്റി ഫ്യൂവൽസിൽ നിന്നുമാണ്. മേൽ ചെലവുകളുടെ തുകകൾ അതാത് സ്ഥാപനങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് പകരം പാലിയേറ്റീവ് കെയർ നെഴ്സായ ശ്രീമതി റജീനയുടെ ബാങ്ക് അക്കൗണ്ടിലേക്ക് (നം. 67072430307, എസ്.ബി.ഐ.) തുകകൾ ട്രാൻസ്ഫർ ചെയ്തതായി കാണുന്നു.

പതിമൂന്നാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കൽ സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താക്കളുടെ/സ്ഥാപനങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് തുക മാറി നൽകുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇപ്രകാരം തുകകൾ നേരിട്ട് അതത് സ്ഥാപനങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് മാറി നൽകാത്തതിന് വിശദീകരണം ലഭ്യമാക്കുവാനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24/29.12.2021) മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

പതിമൂന്നാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കൽ സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശമനുസരിച്ച് പദ്ധതി പ്രകാരമുള്ള ചെലവ് തുകകൾ അതാത് ഗുണഭോക്താക്കളുടെ / സ്ഥാപനങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് മാറി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-31 സമഗ്ര ക്യാൻസർ നിയന്ത്രണ പരിപാടി – മെഡിക്കൽ ക്യാമ്പ് നടത്താതെ ബോധവൽക്കരണ ക്ലാസുകൾ മാത്രം നടത്തിയിരിക്കുന്നു

പ്രൊജക്ട് നം. 192, സമഗ്ര ക്യാൻസർ നിയന്ത്രണ പരിപാടി (സ്പിൽ ഓവർ)

അടങ്കൽ - 100000/- രൂപ

ഫണ്ട് - വികസന ഫണ്ട് (പൊതു വിഭാഗം)

ചെലവ് - 63000/- രൂപ (ബിആർ നം. 20111352000600074448/17.04.2020)

മേൽ പദ്ധതിയുടെ പരിശോധനയിൽ കണ്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

(എ) പദ്ധതി പ്രകാരം പഞ്ചായത്തിലെ 18 വാർഡിലും ക്യാൻസർ ബോധവൽക്കരണ ക്ലാസുകൾ നടത്തിയ വകയിലുള്ള ലഘു ഭക്ഷണത്തിനായി ചൂർണ്ണിക്കര സമൃദ്ധി കാറ്ററിംഗ് യൂണിറ്റിന് വാർഡ് ഒന്നിന് 1000/- രൂപ നിരക്കിൽ ആകെ 18000/- രൂപയും പരിപാടികൾക്കാവശ്യമായ പ്രൊജക്ടർ, ലാപ്പ്ടോപ്പ് തുടങ്ങിയ സാധനങ്ങൾ സപ്ലൈ ചെയ്ത വകയിൽ പെരുമ്പാവൂർ ഡ്രീംസ് വിഷൻ എന്ന സ്ഥാപനത്തിന് 45000/- രൂപയും നൽകിയതായി കാണുന്നു. പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങളിലെ 7.7.2 പ്രകാരം ക്യാൻസർ പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കുവാനുള്ള അനുമതിയാണുള്ളത്. ബോധവൽക്കരണ പരിപാടികൾക്ക് മാത്രമായി പ്രൊജക്ടുകൾ അനുവദനീയമല്ലെന്നും ഒരു പ്രൊജക്ടിന്റെ അനിവാര്യ ഘടകമാണെങ്കിൽ മാത്രം ഏറ്റെടുക്കാവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ക്യാൻസർ പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് പകരം ബോധവൽക്കരണ പരിപാടികൾക്ക് മാത്രമായാണ് പ്രൊജക്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുള്ളത്.

(ബി) ട്രാൻസ്പോർട്ട് ഓപറേറ്ററായ ശ്രീ ജലീൽ ടി എയുടെ ഫയലിൽ സൂക്ഷിച്ചിരിക്കുന്ന ബാങ്ക് പാസ് ബുക്കിന്റെ കോപ്പി പ്രകാരമുള്ള അക്കൗണ്ട് നം. 608002010011100 (IFSC – UBIN0560804) എന്നാണ്. എന്നാൽ ബിൽ പ്രകാരം 45000/- രൂപ ട്രാൻസ്ഫർ ചെയ്തിരിക്കുന്ന അക്കൗണ്ട് നം. 05620100009677 (IFSC – BARBOALWAYE) എന്ന് കാണുന്നു. അക്കൗണ്ട് നം. 05620100009677 (IFSC – BARBOALWAYE) എന്നത് ട്രാൻസ്പോർട്ട് ഓപ്പറേറ്ററായ ശ്രീ ജലീൽ ടി.എ.യുടെ ബാങ്ക് അക്കൗണ്ടാണ് എന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/29.12.2021) ന് മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. പദ്ധതി ആവിഷ്കരിച്ച് നടപിലാക്കുമ്പോൾ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. അക്കൗണ്ട് നം. 05620100009677 (IFSC – BARBOALWAYE) എന്നത് ട്രാൻസ്പോർട്ട് ഓപ്പറേറ്ററായ ശ്രീ. ജലീൽ ടി എയുടെ ബാങ്ക് അക്കൗണ്ടാണ് എന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് നൽകേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-32 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

പ്രൊജക്ട് നം., പേര് – 33, ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 400000/- രൂപ

ഫണ്ട് - മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ചെലവ് - 400000/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

ഹോമിയോ ഡിസ്പെൻസിറിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയുടെ ഭാഗമായി ബിആർ നം. 2011135200060099827 9/27.01.2021 പ്രകാരം 400000/- രൂപ (പ്രൊഫോർമ ഇൻവോയ്സ് നം. PF-1134/06.01.2021) ഹോംകോയുടെ അക്കൗണ്ടിലേക്ക് (നം. 34306403911, എസ്.ബി.ഐ) മാറി നൽകിയിട്ടുണ്ട്. ഹോംകോയിൽ നിന്നും മരുന്നുകൾ ലഭിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം./തീയതി | തുക(രൂപ) |
|---|---|---|
| 1 | LF-148/07.05.2021 | 67,967 |
| 2 | LF-837/30.06.2021 | 1,10,172 |
| ആകെ തുക | | 1,78,139 |

ബാക്കിയുള്ള തുകയായ 2,21,861/- (400000-178139) രൂപയുടെ മരുന്നുകൾ ഹോംകോയിൽ നിന്നും ലഭിച്ചതായി കാണുന്നില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള മേൽ നടപടികളുടെ വിവരം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/29.12.2021) ബാക്കി മരുന്നുകൾ ലഭ്യമാക്കുന്നതിനാവശ്യമായ മേൽ നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ബാക്കിയുള്ള തുകയായ 221861/- (400000-178139) രൂപയുടെ മരുന്നുകൾ ഹോംകോയിൽ നിന്നും ലഭ്യമാക്കി അറിയിക്കുന്നതു വരെ ഈ ഇനത്തിലുള്ള 221861/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-33 സാമൂഹ്യക്ഷേമ പെൻഷൻ

ഡെത്ത് രജിസ്ട്രേഷൻ അപേക്ഷയിലെ ആധാർ നമ്പർ അടിസ്ഥാനമാക്കി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ഗുണഭോക്താക്കളുടെ പെൻഷൻസ്റ്റാറ്റസ് -സസ്പെന്റ് ചെയ്തിട്ടുണ്ട്. ഇവർക്ക് മരണ ശേഷം അനുവദിച്ച പെൻഷൻ (ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു) തിരികെ ഈടാക്കിയതായി കാണുന്നില്ല

1. ചൂർണിക്കര ഗ്രാമപഞ്ചായത്ത്

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐഡി | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| 1 | ചേവ്യ.ടി.വി | വാർദ്ധക്യകാല പെൻഷൻ | 106520201296 | 2.4.2020 | 5/20 - 4/21 | 17600 |
| 2 | കർമലി റോക്കി | വാർദ്ധക്യകാല പെൻഷൻ | 106520201188 | 11.1.21 | 2/11-4/21 | 4600 |
| 3 | എൽസി കുഞ്ഞപ്പൻ | വിധവ പെൻഷൻ | 106520600649 | 25.11.20 | 12/20 -4/21 | 7500 |
| 4 | ജോയ്.എം.ഐ | വാർദ്ധക്യകാല പെൻഷൻ | 106520200651 | 13.4.21 | 5/21 - 6/21 | 3200 |
| 5 | പാത്തു | ---"--- | 112450200615 | 26.7.21 | 8/21 - 10/21 | 4800 |

2. മറ്റ് ഗ്രാമപഞ്ചായത്തിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവർ

താഴെ പറയുന്ന ഗുണഭോക്താവിന്റെ പെൻഷൻ നിലവിലും ആക്ടീവ് ആണ്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ഗ്രാമപഞ്ചായത്ത് | പെൻഷൻ തരം | പെൻഷൻ ഐഡി | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1 | താച്ചിസീതി | എടത്തല ഗ്രാമപഞ്ചായത്ത് | വിധവ പെൻഷൻ | 106530600150 | 31.7.21 | 8/21 - 12/21 | 8000 |

ധനകാര്യ വകുപ്പിന്റെ സർക്കുലർ നം. 63/2021/ധന, തീയതി: 02.08.2021 പ്രകാരം

1) പ്രാദേശിക സർക്കാരിൽ അതാത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന സ്ഥലത്തെ പ്രാദേശിക സർക്കാർ, മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10-ാം തീയതിക്കു മുൻപായി അറിയിക്കേണ്ടതാണ്.

2) പ്രാദേശിക സർക്കാർ പരിധിക്കുള്ളിൽ മരണപ്പെടുന്നവരുടെ വിവരങ്ങൾ 3 മാസത്തിലൊരിക്കൽ വീഴ്ചകൂടാതെ ധനകാര്യ(എസ്എഫ്സി-ബി) വകുപ്പിൽ അറിയിക്കേണ്ടതാണ്.

3) ഗുണഭോക്താവ് മരണപ്പെട്ടാൽ ഗുണഭോക്താക്കളുടെ അവകാശികളോ അടുത്ത ബന്ധുക്കളോ പ്രസ്തുത വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാരിൽ വീഴ്ച കൂടാതെ അറിയിക്കുന്നതിനുള്ള വ്യവസ്ഥ ചെയ്യുന്നതിനായി സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ/ അപേക്ഷകരിൽ നിന്നും സത്യപ്രസ്താവന വാങ്ങേണ്ടതാണ്.

മരണപ്പെടുന്നവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിനു സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്നും മേൽ പരാമർശിത സർക്കുലറിൽ വ്യവസ്ഥയുണ്ട്. മേൽപറഞ്ഞ നിർദ്ദേശങ്ങളും പാലിച്ചതായി കാണുന്നില്ല.

(ഓഡിറ്റ് എൻക്വയറി 23/29.12.21 മറുപടി ലഭിച്ചില്ല) അനർഹമായ കാലയളവിൽ വിതരണം ചെയ്ത പെൻഷൻ തിരികെ ഈടാക്കേണ്ടതും സർക്കാർ നിർദേശങ്ങൾ പാലിക്കേണ്ടതുമാണ്.

## 1-34 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - അവലോകനം

ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം 274/21 നമ്പർ കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ തുടങ്ങുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 17.09.2021 ൽ എസ്.സി.എം.എസ്. കോളേജിൽ പ്രവർത്തനം ആരംഭിച്ചിരുന്നു. എസ്.സി.എം.എസ്. ലേഡീസ് ഹോസ്റ്റലിൽ 21.09.2021 തീയതിയിൽ 80 ബെഡ് ഉപയോഗിച്ച് കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ പ്രവർത്തിച്ചിരുന്നു. കൂടാതെ 10.06.2020 മുതൽ 07.07.2020 വരെ ഇൻസ്റ്റിറ്റ്യൂഷണൽ ക്വോറന്റയിൻ സെന്റർ ഈ കെട്ടിടത്തിൽ ആരംഭിച്ചിരുന്നു. പഞ്ചായത്തിലെ 18 വാർഡുകളിലും റാപ്പിഡ് റെസ്പോൺസ് ടീം (RRT) രൂപീകരിച്ചിട്ടുണ്ട്. എല്ലാ ആഴ്ചയിലും വാർഡ് മെമ്പറുടെ അധ്യക്ഷതയിൽ യോഗം ചേരുകയും റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനം വിലയിരുത്തുകയും പോരായ്മ വിശകലനം ചെയ്ത് പരിഹരിച്ച് പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. 2020-21 എപ്രിൽ, മെയ് മാസങ്ങളിൽ വാർ റൂം, ഹെൽപ്പ് ഡെസ്ക്, കോർ ടീം എന്നിവ പ്രവർത്തിച്ചിരുന്നുവെങ്കിലും ഹെൽപ്പ് ഡെസ്ക് ഒഴികെയുള്ള സംവിധാനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നില്ല. ഡൊമിസിലിയറി കെയർ സെന്ററിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി 21.07.2020 ൽ കോവിഡ് മാനേജ്മെന്റ് കമ്മറ്റി രൂപീകരിക്കുകയും ചെയർമൻ പ്രസിഡന്റും കൺവീനർ മെഡിക്കൽ ഓഫിസറും, അസിസ്റ്റന്റ് സെക്രട്ടറി നോഡൽ ഓഫിസറായും, ആരോഗ്യക്ഷേമ സ്റ്റാൻറിംഗ് കമ്മറ്റി ചെയർപേഴ്സൻ, മുൻ പഞ്ചായത്ത് പ്രസിഡന്റ് എന്നിവർ മെമ്പേഴ്സുമാണ്. കുടുബശ്രീ നടത്തിയ കമ്മ്യൂണിറ്റി കിച്ചനുകളിൽ നിന്നും യഥാസമയം ഭക്ഷണം എത്തിക്കുന്നതിനും പഞ്ചായത്ത് നടപടി സ്വീകരിച്ചിരുന്നു. ഓരോ വാർഡിലും 50 വീടുകളുടെ ക്ലസ്റ്ററുകളായി തിരിച്ച് രോഗ വ്യാപനം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വാക്സിനേഷന് ക്യാമ്പുകൾ സംഘടിപ്പിക്കുകയും പരമാവധി ആളുകൾക്ക് ആയതിന്റെ പ്രയോജനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡൊമിസിലിയറി കെയർ സെന്ററിലേക്ക് വാങ്ങിയ സാധനങ്ങൾക്ക് കൃത്യമായ രജിസ്റ്ററുകളും സൂക്ഷിക്കുന്നുണ്ട്. സംഭാവന ഇനത്തിൽ ലഭിക്കുന്ന തുക നിക്ഷേപിക്കുന്നതിന് ഫെഡറൽ ബാങ്ക്, തായിക്കാട്ടുകര ബ്രാഞ്ചിൽ 15120100286730 നമ്പറായി അക്കൗണ്ട് ആരംഭിച്ചിട്ടുള്ളതാണ്. ബാങ്ക് പാസ് ബുക്ക്, വൗച്ചറുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നു. വാർഡ് തലത്തിൽ പൾസ് ഓക്സിമീറ്റർ സി.എച്ച്.സി. ആശാവർക്കർ മുഖേന വാർഡുകളിൽ വിതരണം ചെയ്ത് ഉപയോഗിക്കുന്നുണ്ട്. 2020-21 വർഷം കോവിഡ് പ്രവർത്തനങ്ങൾക്ക് വേണ്ടി സംഭാവന ലഭിച്ചിരുന്നില്ല.

2020-21 വർഷം കോവിഡ് പ്രവർത്തനങ്ങൾക്ക് വേണ്ടി ലഭിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | തനത് ഫണ്ട്(പ്രോജക്ട്) | 34,83,165 |
| 2 | ഡി.ഡി.എം.എ | 7,38,368 |
| 3 | ജില്ലാ പഞ്ചായത്ത് | ഇല്ല |
| 4 | തനത് ഫണ്ട്(കണ്ടിജന്റ് ചെലവ്) | 3,67,235 |
| ആകെ | | 45,88,768 |
| ആകെ ചെലവ് | | 38,50,400 |
| ബാലൻസ് | | 7,38,368 |

7,38,368/-രൂപ തനത് ഫണ്ടിൽ ഉൾപ്പെടുന്നതാണ്. ഗ്രാമപഞ്ചായത്തിൽ തൃപ്തികരമായ രീതിയിലാണ് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

## 1-35 അനുപൂരക പോഷകാഹാര പദ്ധതി-അപാകത

| | |
|---|---|
| പ്രോജക്ടിന്റെ പേര് വിവരം | അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി |
| അടങ്കൽ | 2700000 |

| | |
|---|---|
| ചെലവഴിച്ചത് | 2700000 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ 2020-21 വർഷത്തെ അങ്കണവാടി പോഷകാഹാര പരിപാടി(പ്രോജക്റ്റ് നം-12/2020) ഭാഗമായി അങ്കണവാടികളിൽ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തത് അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റാണ്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate)ലെ ക്രമ നം. 66 ക്ലോസ് (B) (Ii) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അങ്കണവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന്റെ ബില്ല് പരിശോധിച്ചതിൽ, അമൃതം ന്യൂട്രിമിക്സിന്റെ വിലയോടൊപ്പം 5% ജി.എസ്.ടി ചുമത്തിയതായി കാണുന്നു. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം | ന്യൂട്രിമിക്സിന്റെ ബിൽ നം/ | ന്യൂട്രിമിക്സിന്റെ വില | ചുമത്തിയ ജി.എസ്.ടി |
|---|---|---|---|
| 1 | 164/23.04.2020 | 76368 | 3612 |
| 2 | 173/21.05.2020 | 83250 | 3936 |
| 3 | 190/22.06.2020 | 86358 | 4084 |
| 4 | 220/29.09.2020 | 100344 | 4746 |
| 5 | 206/26.08.2020 | 99900 | 4724 |
| 6 | 240/17.11.2020 | 113664 | 5376 |
| 7 | 255/23.12.2020 | 112776 | 5334 |
| 8 | 268/24.02.2021 | 109890 | 5196 |

അങ്കണവാടി ഭക്ഷണവിതരണത്തിന് ബാധകമല്ലാത്ത ജി.എസ്.ടി കൂടി ഉൾപ്പെട്ട തുക വിതരണ സ്ഥാപനത്തിന് നൽകിയത് മൂലം പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികച്ചെലവുണ്ടായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറി നമ്പർ 26 നൽകിയതിന് 30.12.2021 ൽ ലഭ്യമാക്കിയ മറുപടിയിൽ വനിത ശിശു വികസന ഡയറക്ടറുടെ 18.08.2021 ലെ ICDS B3/13220/21 നമ്പർ കത്തിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. ആയതിൽ അമൃതം നട്രിമിക്സ് വിതരണത്തിൽ ജി.എസ്.ടി ഒഴിവാക്കാൻ സാധിക്കുമോ എന്ന വിഷയത്തിൽ കൂടുതൽ സ്പഷ്ടീകരണം ആവശ്യമാണെന്നും കേന്ദ്രസർക്കാരിൽ നിന്ന് ഒരു സ്പഷ്ടീകരണം ലഭ്യമാകുന്നത് വരെ സ.ഉ.(സാധാ) നം. 1450/2018/തസ്വഭവ. തീയതി 25.05.2018 പാലിക്കേണ്ടതാണെന്നും രേഖപ്പെടുത്തി കാണുന്നു. ടി വിഷയത്തിൽ സ്വീകരിക്കുന്ന തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

### 1-36 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിൽ മുതൽക്കൂട്ടാവുന്നതാണ്.

സപ്ലയേഴ്സ് ഇ.എം.ഡി(340100102) ഇനത്തിൽ 30,211/-രൂപ തൻവർഷം ബാലൻസ് ഉണ്ട്, ഇതിൽ 2013-14 സാമ്പത്തിക വർഷം മുതൽ ഡെപ്പോസിറ്റ് ആയി ലഭിച്ച തുകകൾ അക്കൗണ്ട് ഹെഡിൽ നിലവിലുണ്ട്. കൂടാതെ ബിഡേഴ്സ് ഇ.എം.ഡി. ഇനത്തിൽ 2016-17 സാമ്പത്തിക വർഷം മുതൽ അക്കൗണ്ട് ഹെഡിൽ ബാലൻസ് ഉണ്ട്. വിവിധ പ്രവൃത്തികളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന ഡെപ്പോസിറ്റുകൾ 3 വർഷം കഴിഞ്ഞവ തനത് ഫണ്ടിൽ മുതൽക്കൂട്ടാവുന്നതാണ്.

### 1-37 അങ്കണവാടികൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു

ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിൽ 18 വാർഡുകളിലായി 32 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 15 എണ്ണം വാടക കെട്ടിടങ്ങളിലാണ് പ്രവൃത്തിക്കുന്നത്. 2020-21 സാമ്പത്തിക വർഷം വാടക ഇനത്തിൽ പദ്ധതി തയ്യാറാക്കി 1,85,500/-രൂപ ചെലവഴിച്ചിട്ടുണ്ട്. എങ്കിലും ചില സ്ഥാപനങ്ങൾക്ക് വാടക കുടിശ്ശികയായി കാണുന്നുണ്ട്. വാടകയുമായി ബന്ധപ്പെട്ട് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി-26 ന് ലഭ്യമാക്കിയ മറുപടിയിൽ രജിസ്റ്റർ സൂക്ഷിക്കുന്നതാണെന്ന് വ്യക്തമാക്കിയിരുന്നു. വാടക രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻ ബാക്കി | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | - | 20-21 | 44982 | നെൽ കൃഷി വികസനം | 44982 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | - | 20-21 | 230000 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 230000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 20-21 | 50000 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2000000 | 20-21 | 1300000 | ലൈഫ് മിഷൻ പദ്ധതി | 570000 | 2730000 |
| ആകെ | | | 1624982 | | 894982 | 2730000 |
| ജില്ലാ പഞ്ചായത്ത് | | 20-21 | 400000 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 400000 | 0 |
| ജില്ലാ പഞ്ചായത്ത് | - | 20-21 | 300000 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | | 20-21 | 200000 | ലൈഫ് മിഷൻ പദ്ധതി | 200000 | 0 |
| ആകെ | | | 900000 | | 900000 | 0 |

കുറിപ്പ്:- ബ്ലോക്ക് പഞ്ചായത്തിന്റെ തനത് വർഷത്തെ വരവ് വാർഷിക ധനകാര്യ പത്രികയിലെ വരവുമായി പൊരുത്തപ്പെടുന്നില്ല.

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | പൈപ്പ് ലൈൻ (115/21) | 22000332/ 7.5.20 | 4,75,900 | 0 | |
| | പൈപ്പ് ലൈൻ (275/21) | 22001596/ 24.2.21) | 11,91,523 | 0 | |
| | പൈപ്പ് ലൈൻ (275/21) | 22001598/ 24.2.21 | 4,60,000 | 0 | |
| ആകെ | | | 21,27,423 | 0 | 21,27,423 |
| കെ.എസ്. ഇ.ബി | പോസ്റ്റ് മാറ്റൽ (78) | 22000361/ 27.6.20 | 76,607 | 0 | 76,607 |
| ബാലൻസ് | | | | | |

*മേൽപറഞ്ഞവ കൂടാതെ വാട്ടർ അതോറിറ്റിയ്ക്ക് ജലജീവൻ മിഷൻ വിഹിതമായി 10 ലക്ഷം രൂപ നൽകിയിട്ടുണ്ട്

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തൻവർഷം തുകയൊന്നും നൽകിയിട്ടില്ല.

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | വായ്പ തുക | വർഷാരംഭത്തിൽ | തൻവർഷം | വർഷാവസാനം |
|---|---|---|---|---|

| ഉദ്ദേശ്യം | | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് | 1,29,49,692 | 1,21,84,986 | 12,29,961 | - | 1,09,55,025 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2,14,69,415 |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ) | 9,11,357 |
| ആകെ | 2,23,80,772 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2,23,80,772 |

വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപത്തിന്റെ വിവരം

| നിക്ഷേപത്തിന്റെ വിവരം | നിക്ഷേപ തീയതി | തുക |
|---|---|---|
| എസ്.ബി.ഐ തായിക്കാട്ടുകര | 29-12-2020 | 1,12,79,281 |
| എസ്.ബി.ഐ തായിക്കാട്ടുകര | 23-10-2020 | 1,11,01,491 |
| ആകെ | | 2,23,80,772 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-2002 | 2 (12) മരാമത്ത് പണികൾക്കും, മറ്റും മുൻകൂർ തുക കൈപ്പറ്റിയിട്ടും പണി പൂർത്തീകരിച്ചിട്ടില്ല | 2006-07 | 3.39.1.2 | പഞ്ചായത്ത് ലൈബ്രറി ഹാൾ വികസനം | പണി പൂർത്തീകരിച്ചു. ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് 29/4/2014 ൽ എ1/3111/14 നമ്പറായി ലോക്കൽ ഫണ്ട് ഓഡിറ്റ് കമ്മിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട്. |
| | | | | ഇടവനപ്പാടം സാംസ്കാരിക നിലയം | റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| | | | | തണ്ടിരിക്കൽ കാന പണി | പണി പൂർത്തീകരിച്ചു. ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് 29/4/2014 ൽ എ1/3111/14 നമ്പറായി ലോക്കൽ ഫണ്ട് ഓഡിറ്റ് കമ്മിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട്. |
| | | | | വേവ്കാട്ടിൽ ലൈൻ റോഡ് | പണി പൂർത്തീകരിച്ചു. ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് 29/4/2014 ൽ എ1/3111/14 നമ്പറായി ലോക്കൽ ഫണ്ട് ഓഡിറ്റ് കമ്മിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട്. |
| | | | | മുണ്ടയത്ത് പറമ്പ് റോഡ് | റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| | | | | ചേനക്കപ്പാടം റോഡ് പണി | പണി പൂർത്തീകരിച്ചു. ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് 29/4/2014 ൽ എ1/3111/14 നമ്പറായി ലോക്കൽ ഫണ്ട് ഓഡിറ്റ് കമ്മിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട്. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,65,77,773 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,27,28,599 |
| വരവിനങ്ങളിലുള്ള നഷ്ടം | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5,901 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 28,51,194 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-29 | --- | 1,666 | ശ്രീ ഫിറോസ് മോൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 3,332 | ശ്രീമതി ജിജി വി. മൻസിൽ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 4,998 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23(1) | 4,75,900 | ശ്രീ എ.വി.ഷാജി, സെക്രട്ടറി |
| 1-23(2) | 14,17,433 | ശ്രീമതി രേഖ.കെ., സെക്രട്ടറി |
| 1-23(3) | 2,60,000 | ശ്രീ എ.വി.ഷാജി, സെക്രട്ടറി |
| 1-24 | 2,06,000 | ശ്രീ എ.വി.ഷാജി, സെക്രട്ടറി |
| 1-26 | 2,70,000 | ശ്രീ എ.വി.ഷാജി, സെക്രട്ടറി |
| 1-32 | 2,21,861 | ഡോ. ഷേർലി ജോർജ്, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| ആകെ | 28,51,194 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 301 | ശ്രീ ഫിറോസ് മോൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| | 602 | ശ്രീമതി ജിജി വി. മൻസിൽ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 903 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ഷേർലി ജോർജ് മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | പുലവേലി ഹൌസ്, ഗാന്ധിനഗർ, സൌത്ത് കളമശ്ശേരി – 683 104 |
| ശ്രീ എ.വി.ഷാജി, സെക്രട്ടറി | എ.ഡി.പി. ഇടുക്കി | അറമ്പേരിൽ ഹൌസ് വട്ടേക്കുന്നം ഇടപ്പള്ളി നോർത്ത് (പി.ഒ.) എറണാകുളം |
| ശ്രീമതി രേഖ.കെ., സെക്രട്ടറി | സെക്രട്ടറി, ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് | "കൽപ്പക" CMC-33, ചേർത്തല (പി.ഒ.) |

| | | |
|---|---|---|
| | | ആലപ്പുഴ |
| ശ്രീ ഫിറോസ്മോൻ<br>അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ ഫിറോസ്മോൻ(PEN-859798)<br>അസിസ്റ്റന്റ് എഞ്ചിനീയർ<br>വാഴക്കുളം ഗ്രാമപഞ്ചായത്ത് | വാഡിനൂർ (WADI NOOR)<br>X/354/C2<br>KMEA Street<br>എടത്തല - 683561 |
| ശ്രീമതി ജിജി വി. മൻസിൽ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | വാടേപറമ്പിൽ ഹൌസ്<br>അയ്യമ്പിള്ളി (പി.ഒ.)<br>കുഴുപ്പിള്ളി<br>എറണാകുളം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച<br>ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ.എസ്.എ-ഇ.കെ.എം (പി5) 947 (2)/19, 8.7.2019 |
| 1997-98 | കെ.എസ്.എ-ഇ.കെ.എം (പി5) 947 (3)/19, 8.7.2019 |
| 1998-99 | കെ.എസ്.എ-ഇ.കെ.എം (പി5) 947 (4)/19, 8.7.2019 |
| 1999-2000 | കെ.എസ്.എ-ഇ.കെ.എം (പി5) 947 (5)/19, 8.7.2019 |
| 2001-02 വരവ് | എൽ.എഫ്.ഇ (പി5) 890/06, 19.01.2007 |
| 2001-02<br>ചെലവ് | എൽ.എഫ്.ഇ (പി5) 752/05, 22.02.2006 |
| 2006-07 | എൽ.എഫ്.ഇ.(പി5) 471/09, 08.03.2010 |
| 2007-08 | എൽ.എഫ്.ഇ.(പി5) 1544/08,05.01.2009 |
| 2008-09 | എൽ.എഫ്.ഇ.(പി5) 112/11, 13.02.2012 |
| 2009-10 | എൽ.എഫ്.ഇ.(പി5) 114/11, 13.02.2012 |
| 2010-11 | എൽ.എഫ്.ഇ.(പി5) 2117/11, 13.02.2012 |
| 2011-12 | കെ.എസ്.എ-ഇ.കെ.എം (പി5) 686 (1)/18, 08.08.2018 |
| 2012-13 | കെ.എസ്.എ-ഇ.കെ.എം (പി5) 686 (2)/18, 08.08.2018 |
| 2013-14, 2014-15 | കെ.എസ്.എ-ഇ.കെ.എം (പി5) 686 (3)/18, 08.08.2018 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം (പി5)1848/16, 07.07.2018 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം (പി5)1515/17, 25.07.2018 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം (പി5) 1955/18, 06.07.2019 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം (പി5) 1178/19, 16.09.2019 |
| 2019-20 | കെ.എസ്.എ-ഇ.കെ.എം(പി5-517/2021), 31/03/2021 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീരിപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്